*01-07-2026*
*Question Hour*

## ദേവസ്വം ബോർഡുകളുടെ സാമ്പത്തിക സ്ഥിതി

(*151) ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. വി. ജോയി:

ശ്രീ. കാരായി രാജൻ:

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ ഒഴിവുള്ള തസ്തികകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ദേവസ്വം ബോർഡിനുകീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിലെ വിവിധ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ദേവസ്വം ബോർഡുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ,

(എ) ദേവസ്വം ബോർഡുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നമുറയ്ക്ക്, പ്രസ്തുത ദേവസ്വങ്ങൾക്ക് ബാധകമായ സ്പെഷ്യൽ റൂൾപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് എഴുത്ത് പരീക്ഷ/പ്രായോഗിക പരീക്ഷ/ഇന്റർവ്യൂ എന്നിവ നടത്തി യോഗ്യരായ ഉദ്യോഗാർഥികൾക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റഗുലേഷൻ 2016-ലെ ഉത്തരവുപ്രകാരം, അതിനുശേഷം ഭേദഗതി വരുത്തിയ 19-11-2019-ലെ S.R.O. No.905/2019 പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി നിയമന ശിപാർശ നൽകിവരുന്നു. സർക്കാർ നിയന്ത്രണത്തിലുള്ള 5 ദേവസ്വം ബോർഡുകളായ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം മാനേജിങ് കമ്മിറ്റി, കൂടൽമാണിക്യം ദേവസ്വം മാനേജിങ് കമ്മിറ്റി എന്നിവയിലെ പരമ്പരാഗത/പാരമ്പര്യ തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ള എല്ലാ തസ്തികകളിലേക്കുമുള്ള സ്ഥിരം നിയമനങ്ങൾ കേരള ദേവസ്വം

*01-07-2026*
*Question Hour*

റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാണ് നടത്തുന്നത്. ഗുരുവായൂർ ദേവസ്വത്തിലെ നിയമനങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലവിലുള്ള SLPC No. 3789/2026 കേസിന്മേൽ പുറപ്പെടുവിച്ച 23-02-2026-ലെ ഇടക്കാല ഉത്തരവുപ്രകാരം ഗുരുവായൂർ ദേവസ്വത്തിൽനിന്നും വിവിധ തസ്തികകളിലേക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്കുള്ള നിയമനനടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഗുരുവായൂർ ദേവസ്വം ഒഴികെയുള്ള ദേവസ്വം ബോർഡുകളിൽനിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്തമുറയ്ക്ക് തസ്തികകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ച് ഒഴിവുള്ള തസ്തികകൾ നികത്താനുള്ള നടപടികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് സ്വീകരിച്ചുവരുന്നു.

മറ്റ് ദേവസ്വം ബോർഡുകളിൽനിന്നും വിഭിന്നമായി മലബാർ ദേവസ്വം ബോർഡിനുകീഴിലെ ഓരോ ക്ഷേത്രങ്ങളും പ്രത്യേകം സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിച്ചുവരുന്നത്. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ പാരമ്പര്യേതര തസ്തികകളിലെ ഒഴിവുകളിൽ നിയമാനുസൃത നടപടികൾ പാലിച്ചുകൊണ്ട് ക്ഷേത്ര നോട്ടീസ് ബോർഡ്, പൊതുസ്ഥലം, പത്രം, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ പരസ്യപ്പെടുത്തി ലഭിച്ച അപേക്ഷകരിൽ ഇന്റർവ്യൂ നടത്തി യോഗ്യതയുള്ളവരെ നിയമിക്കുകയാണ് ചെയ്തുവരുന്നത്.

(ബി) ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള 1250-ലധികം ക്ഷേത്രങ്ങളുടെ ഭരണം, ഫയൽ നീക്കം, സാമ്പത്തിക ഇടപാടുകൾ, വഴിപാട് എന്നിവ പൂർണ്ണമായും ഓൺലൈനാക്കുന്നതിനായി KITFRA മുഖേന സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ശബരിമലയിൽ 'വിഷൻ 2031' പ്രകാരം 2026-27 തീർഥാടന കാലം കൂടുതൽ സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അടിസ്ഥാന സൗകര്യ വികസനം, തീർഥാടക നിയന്ത്രണം, പുതിയ ശുചിത്വ സംവിധാനം എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതാണ്. വൈക്കം, അമ്പലപ്പുഴ, ഏറ്റുമാനൂർ, തിരുവല്ലം തുടങ്ങിയ പ്രധാന ക്ഷേത്രങ്ങളിലും പുതിയ വികസന പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതാണ്. കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള പ്രധാന ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നടപടികൾ

*01-07-2026*
*Question Hour*

സ്വീകരിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിന്റെ 5 ഡിവിഷൻ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന പ്രധാന ക്ഷേത്രങ്ങളിൽ വിവിധ വികസന പദ്ധതികൾ നടത്തിയിട്ടുണ്ട്. കാസർഗോഡ് ഡിവിഷനിൽ ശ്രീ മധൂർ ക്ഷേത്രം, കണിപ്പുര ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം, ശ്രീ രാജരാജേശ്വര ക്ഷേത്രം; തലശ്ശേരി ഡിവിഷനിൽ ശ്രീ കൊട്ടിയൂർ ദേവസ്വം, ശ്രീ പെരളശ്ശേരി ക്ഷേത്രം, ശ്രീ മാടായി തിരുവർക്കാട്ട്കാവ് ക്ഷേത്രം, ശ്രീ തിരുനെല്ലി ക്ഷേത്രം, ശ്രീ ലോകനാർക്കാവ് ഭഗവതി ക്ഷേത്രം, ശ്രീ മൃദംഗശൈലേശ്വരി ക്ഷേത്രം, പോർക്കലി ഭഗവതി ക്ഷേത്രം; കോഴിക്കോട് ഡിവിഷനിൽ ശ്രീ പിഷാരിക്കാവ് ദേവസ്വം, ശ്രീ വളയനാട് ദേവസ്വം, ശ്രീ മാനികാവ് ദേവസ്വം; മലപ്പുറം ഡിവിഷനിൽ ശ്രീ കാടാമ്പുഴ ദേവസ്വം, ശ്രീ തിരുന്നാവായ ദേവസ്വം, ശ്രീ തിരുമാന്ധാംകുന്ന് ദേവസ്വം, ശ്രീ മമ്മിയൂർ ദേവസ്വം; പാലക്കാട് ഡിവിഷനിൽ ശ്രീ മാങ്ങോട്ടുകാവ് ദേവസ്വം, ശ്രീ ഞെരളത്ത് ദേവസ്വം, ശ്രീ കൊടക്കാട് ശിവക്ഷേത്രം, ശ്രീ അഴകത്ത് ശിവക്ഷേത്രം, ശ്രീ മഞ്ഞപ്ര അയ്യപ്പൻകാവ്, ശ്രീ തിരുമുല്ലപ്പള്ളി ദേവസ്വം, ശ്രീ വെങ്ങന്നിയൂർ ക്ഷേത്രം, ശ്രീ തിരുവറ ദേവസ്വം, ശ്രീ പുതുക്കോട് അന്നപൂർണ്ണേശ്വരി ക്ഷേത്രം, ശ്രീ ത്രിവിക്രമപുരം ക്ഷേത്രം, ശ്രീ പനങ്കുറിശ്ശി ഭഗവതി ദേവസ്വം, ശ്രീ മണപ്പുള്ളിക്കാവ് ഭഗവതി ദേവസ്വം, ഊട്ടുകുളങ്ങര ഭഗവതി ദേവസ്വം, ശ്രീ തിരുപുരായ്ക്കൽ ഭഗവതി ദേവസ്വം, ശ്രീ ഏമൂർ ഭഗവതി ദേവസ്വം, പുള്ളോട് ശ്രീ തൃപ്പാവള്ളൂർ ദേവസ്വം, ശ്രീ മാങ്ങോട് ദേവസ്വം, ശ്രീ പരിയാനംപറ്റ ദേവസ്വം, കോട്ടായി ശ്രീ പനോർക്കാവ് കണ്ടത്താർക്കാവ് എന്നീ ക്ഷേത്രങ്ങളിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയും ചിലത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിനുകീഴിലുള്ള കീഴേടം ക്ഷേത്രങ്ങളിൽ കുന്നംകുളം തലക്കോട്ടുകര മഹാദേവ ക്ഷേത്രം, നാരായണംകുളങ്ങര ഭഗവതി ക്ഷേത്രം, താമരയൂർ ധർമ്മശാസ്താ ക്ഷേത്രം, കാവീട് ഭഗവതി ക്ഷേത്രം, ആലത്തൂർ വെർമാന്നൂർ ശിവക്ഷേത്രം, പുന്നത്തൂർകോട്ട ശ്രീഭഗവതി ക്ഷേത്രം, പൂന്താനം മഹാവിഷ്ണു ക്ഷേത്രം, നെന്മിനി ബലരാമ ക്ഷേത്രം എന്നീ ക്ഷേത്രങ്ങൾ നവീകരിച്ചിട്ടുണ്ട്. നെന്മിനി അയ്യപ്പ ക്ഷേത്രത്തിന്റെയും പുന്നത്തൂർകോട്ട ശിവവിഷ്ണു ക്ഷേത്രത്തിന്റെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അഞ്ഞൂർ അയ്യപ്പൻകാവ് മുണ്ടൂർ, മാങ്ങാഞ്ചിറ മഹാവിഷ്ണു ക്ഷേത്രം എന്നിവ നവീകരിക്കുന്നതിനുള്ള നടപടികൾ

ഗുരുവായൂർ ദേവസ്വം സ്വീകരിച്ചുവരുന്നു.

(സി & ഡി) ഉണ്ട്, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള 1250-ലധികം ക്ഷേത്രങ്ങളിൽ ശബരിമല ക്ഷേത്രത്തിലെ വരുമാനം കൊണ്ടാണ് ദേവസ്വം ബോർഡിന്റെ എല്ലാ പ്രവർത്തനങ്ങളും നടന്നുവരുന്നത്. ദേവസ്വം ബോർഡിന്റെ ആകെയുള്ള ചെലവ് ആകെ വരവിനെ അധികരിക്കാത്തവിധത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക സ്ഥിതി വർധിപ്പിക്കുന്നതിന്റെ ഭാഗമായി വഴിപാടുകളുടെ എണ്ണം വർധിപ്പിക്കുന്നതിനും ക്ഷേത്രങ്ങളുടെ വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടുകൂടി നടപ്പാക്കി കൂടുതൽ ഭക്തജനങ്ങളെ ആകർഷിക്കുന്നതിനും കാലോചിതമായി വഴിപാട് നിരക്കുകൾ, കെട്ടിട വാടക എന്നിവയിൽ വർധനവ് വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലും വഴിപാട് വരുമാനം വർധിപ്പിക്കുന്നതിന് ഓൺലൈൻ വഴിപാട് ബുക്കിങ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വഴിപാടേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഒഴിഞ്ഞുകിടക്കുന്ന വാടക മുറികൾ ടെണ്ടർ ചെയ്തും വിവിധ സ്ഥലങ്ങളിൽ പരസ്യബോർഡുകൾ സ്ഥാപിച്ചും മൈതാനങ്ങൾ നിശ്ചിത വാടകയ്ക്ക് നൽകിയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമ പ്രകാരം മലബാർ ദേവസ്വം ബോർഡിനുകീഴിൽ വരുന്ന ക്ഷേത്രങ്ങൾ ഓരോന്നും പ്രത്യകം സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിച്ചുവരുന്നത്. ക്ഷേത്രങ്ങൾക്ക് വിവിധ മാർഗേന ലഭിക്കുന്ന വരുമാനങ്ങൾ അതത് ക്ഷേത്രത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലാണ് നിക്ഷേപിക്കപ്പെടുന്നത്. താരതമ്യേന വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളാണ് മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ളത്. ബോർഡിന്റെ സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിനായി വർഷാവർഷം സർക്കാർ ഗ്രാന്റ് അനുവദിച്ചുവരുന്നു. 2008-ൽ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് നിർത്തലാക്കി മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചുവെങ്കിലും ക്ഷേത്രവരുമാനം ഏകീകരിച്ച് ഫണ്ട്

പൂളിങ് സംവിധാനം നടപ്പിലാക്കിക്കൊണ്ടുള്ള സമഗ്ര നിയമം പ്രാബല്യത്തിലായിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഗുരുവായൂർ ദേവസ്വത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി ഭദ്രമാണ്. നിലവിലുള്ള എല്ലാ വരുമാന സ്രോതസ്സുകളിൽനിന്നും കൃത്യമായി വരവ് വരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള നിരവധി ആവശ്യങ്ങൾ ഭക്തജനങ്ങളിൽനിന്ന് സമർപ്പണമായും സ്ഥാപനങ്ങളിൽനിന്ന് CSR ഫണ്ട് മുഖേനയും ലഭ്യമാക്കുന്നതിന് മുന്തിയ പരിഗണന നൽകിവരുന്നു. ആയതുമൂലം ദേവസ്വം ഫണ്ടിൽനിന്നുള്ള ചെലവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിന് വരവിനേക്കാൾ കൂടുതൽ ചെലവ് വരുന്ന സാമ്പത്തിക സ്ഥിതിയാണ് നിലവിലുള്ളത്. വരുമാനം വർധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ സഹകരണത്തോടെ ജില്ലയിലെയും സമീപ ജില്ലകളിലെയും പ്രധാന ക്ഷേത്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസം പാക്കേജുകൾ നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കൂടൽമാണിക്യം ദേവസ്വത്തിനുകീഴിൽ നഗരത്തിന്റെ ഹൃദയഭാഗത്തുള്ള കച്ചേരിവളപ്പിലെ കാലപ്പഴക്കം വന്ന കെട്ടിട സമുച്ചയത്തിൽനിന്നും നിലവിലുള്ള സ്ഥാപനങ്ങൾ ഒഴിഞ്ഞുപോകുന്നമുറയ്ക്ക് പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റി ദേവസ്വത്തിന് വഴിപാടേതര വരുമാനം ലഭിക്കത്തക്ക വിധത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ആദരണീയനായ മുൻ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ ശബരിമലയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി 30 കോടി രൂപയും ക്ലീൻ പമ്പ പദ്ധതിക്കുവേണ്ടി 30 കോടി രൂപയും അനുബന്ധ റോഡുകളുടെ വികസനത്തിനുവേണ്ടി 15 കോടി രൂപയും അനുവദിച്ചിരുന്നു. പക്ഷെ ഈ ബജറ്റിൽ ഞാൻ പരിശോധിച്ചപ്പോൾ അങ്ങനെയൊരു തുക കാണുന്നില്ല. വരുംവർഷങ്ങളിൽ ശബരിമല തീർഥാടകരുടെ ആവശ്യങ്ങൾ മുൻകൂട്ടി കണ്ട് ഇടത്താവളങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുവേണ്ടി നടപ്പുവർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വിശദീകരിക്കാമോ?

*01-07-2026*
*Question Hour*

ശ്രീ. കെ. മുരളീധരൻ: സർ, കഴിഞ്ഞ തവണ ഉണ്ടായിരുന്ന ബജറ്റ് തുകയിൽനിന്നും കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. അന്ന് ദേവസ്വം ബോർഡുകൾക്ക് അനുവദിച്ച ബജറ്റ് തുക ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ശബരിമല സ്വർണ്ണപ്പാളി കേസിൽ പ്രതിയുടെ അഭിഭാഷകനായ അഡ്വ. കെ. ബി. പ്രദീപിനെ ദേവസ്വം വകുപ്പിന്റെ അഭിഭാഷകനായി നിയമിച്ചിരുന്നോ; ടി നിയമനം അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആയിരുന്നോ; അങ്ങയുടെയോ ദേവസ്വം ബോർഡിന്റെയോ ശിപാർശ ഇക്കാര്യത്തിൽ ഉണ്ടായിരുന്നോ?

ശ്രീ. കെ. മുരളീധരൻ: സർ, നിയമിക്കപ്പെട്ട അഡ്വക്കേറ്റ് വളരെ പ്രശസ്തനായ ഒരു വക്കീലായിരുന്നു. ഒരു കേസ് ഉണ്ടാകുമ്പോൾ ഒരു വക്കീലിനെ സ്വാഭാവികമായും ഏൽപ്പിക്കാറുണ്ട്. സാധാരണ ക്രിമിനൽ കേസുകളിലെ വക്കീലന്മാർ പല കേസുകളും ഏറ്റെടുത്തിട്ടുണ്ടാകും. പക്ഷെ ഒരു പ്രത്യേക കേസ് അന്വേഷിക്കാൻ ചുമതലപ്പെടുത്തുമ്പോൾ ആ വക്കീൽ അതിനോട് നീതിപുലർത്തും എന്നുള്ളതുകൊണ്ടാണ് ഈ നിയമനം സർക്കാർ നടത്തിയതെങ്കിലും ഇത്തരത്തിൽ വിവാദമുണ്ടായപ്പോൾ തന്നെ അദ്ദേഹം സ്വയം രാജിവച്ചുപോകുകയാണുണ്ടായത്.

ശ്രീ. വി. ജോയി: സർ, കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ ദളിത് ശാന്തിമാരെ നിയമിച്ചത് കഴിഞ്ഞ ഗവൺമെന്റായിരുന്നു. എന്നാൽ പിന്നീട് ശാന്തിമാർ അല്ലാത്ത ചിലരുടെ നിയമനങ്ങളുമായി ബന്ധപ്പെട്ടുവന്ന കാര്യങ്ങളിൽ ക്ഷേത്രങ്ങളിൽ കയറാൻ അനുവദിക്കാത്ത ചില പ്രശ്നങ്ങളുമുണ്ടായി. അത് പിന്നീട് പല നിയമനടപടികൾക്കും വിധേയമായി. ദളിത് പിന്നാക്ക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ക്ഷേത്രങ്ങളിൽ ദളിത് ശാന്തിക്കാരെ നിയമിക്കുന്നതിനുവേണ്ടി പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. കെ. മുരളീധരൻ: സർ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുകളാണ് നിയമനങ്ങൾ നടത്തുന്നത്. അത് ദേവസ്വം ബോർഡിന്റെ സ്വതന്ത്ര്യാധികാരമാണ്. ഇക്കാര്യത്തിൽ സാധാരണ സർക്കാർ ഇടപെടാറില്ല. ഗുരുവായൂർ ക്ഷേത്രത്തിന് മാത്രമാണ് സ്റ്റേയുള്ളത്.

മറ്റുള്ള ക്ഷേത്രങ്ങളിൽ നിയമനം നടത്താൻ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് അവകാശമുണ്ട്. അത് പൂർണ്ണമായും അവരുടെ ചുമതലയാണ്. അതിൽ അവർക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

<u>ശ്രീ. കാരായി രാജൻ</u>: സർ, പി.എസ്.സി. നിയമനത്തിനുള്ള പ്രായപരിധി ഉയർത്തിയ സാഹചര്യത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴിയുള്ള നിയമനത്തിനുള്ള പ്രായവും ഉയർത്തുന്നത് പരിഗണിക്കാൻ സാധിക്കുമോ; അതോടൊപ്പം വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ജീവനക്കാരുടെ വേതന-സേവന വ്യവസ്ഥകൾ വ്യത്യസ്തമാണ്. ഇവ ഏകീകരിക്കാൻ സാധിക്കുമോ?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ ദേവസ്വം ബോർഡുകളിൽ മലബാർ ദേവസ്വം ബോർഡിന് മാത്രമാണ് വളരെ സാമ്പത്തിക പ്രയാസമുള്ളത്. അതിലെ ഒരോ ക്ഷേത്രങ്ങളും സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിക്കുന്നത്. ഉദാഹരണമായി കൊട്ടിയൂർ ക്ഷേത്രത്തെക്കുറിച്ച് പറഞ്ഞാൽ അവരുടെ വരുമാനം ആ ക്ഷേത്രത്തിലെ പ്രത്യേക അക്കൗണ്ടിലേക്കാണ് പോകുന്നത്. നേരെ മറിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ഏകദേശം 1250 ക്ഷേത്രങ്ങളുണ്ട്. ശബരിമല ക്ഷേത്രത്തിന്റെ വരുമാനം ഉപയോഗിച്ച് ദേവസ്വം ബോർഡ് നേരിട്ടാണ് അവിടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. കൊച്ചിൻ ദേവസ്വം ബോർഡിലും ഇതുതന്നെയാണ് സ്ഥിതി. പക്ഷെ മലബാർ ദേവസ്വം ബോർഡ് മാത്രം മുമ്പത്തെ ഹിന്ദു റിലീജിയസ് ആക്റ്റ് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. മലബാർ ദേവസ്വം ബോർഡ് മുമ്പ് തിരുവിതാംകൂറിന്റെയോ കൊച്ചിൻ ദേവസ്വം ബോർഡിന്റെയോ ഭാഗമായിരുന്നില്ല, അത് അത് മദ്രാസിന്റെ ഭാഗമായിരുന്നു. അതുകൊണ്ട് ആ ആക്റ്റ് അനുസരിച്ചായിരുന്നു കാര്യങ്ങൾ ചെയ്തിരുന്നത്. പക്ഷെ നിരന്തരമായി കേരള ഹൈക്കോടതി ഇക്കാര്യത്തിൽ ഇടപെടുകയും മലബാർ ദേവസ്വം ബോർഡ് ആവശ്യമാണെന്ന് നിർബന്ധിക്കുകയും ചെയ്തപ്പോഴാണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചത്. മലബാർ ദേവസ്വം ബോർഡിന്റെ ഇപ്പോഴുള്ള ചുമതല ക്ഷേത്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക മാത്രമാണ്. ബാക്കി കാര്യങ്ങളിൽ ഓരോ ക്ഷേത്രവും സ്വതന്ത്ര യൂണിറ്റുകളായാണ് പ്രവർത്തിക്കുന്നത്.

ഇതുസംബന്ധിച്ച് പൊതുവായൊരു നിർദേശം വന്നിട്ടുണ്ട്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ട് ഒരുപാട് വർഷങ്ങളായി. പക്ഷെ കേരളത്തിൽ മാത്രം തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾ എന്നതിനുപകരം ഒരു ഏകീകൃത ദേവസ്വം ബോർഡ് വേണമെന്ന ഒരു നിർദേശം വന്നിട്ടുണ്ട്. അത് കൂടുതൽ ചർച്ച ചെയ്യേണ്ട കാര്യമായതിനാൽ അതിലേക്ക് സർക്കാർ കടന്നിട്ടില്ല.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഗുരുവായൂർ ക്ഷേത്രത്തിൽ പോകുമ്പോൾ കാണുന്ന പ്രശ്നമാണ് പാർക്കിങ്ങും ഗതാഗതവുമായി ബന്ധപ്പെട്ട വിഷയങ്ങളും. റവന്യൂ വകുപ്പുമന്ത്രിയുടെ മകന്റെ വിവാഹത്തിൽ പങ്കെടുക്കാൻ പോയപ്പോൾ അവിടെ വലിയ രീതിയിലുള്ള ഗതാഗതക്കുരുക്കും പ്രയാസങ്ങളും നേരിട്ടു. ലാൻഡ് അക്വിസിഷൻ നടപടികൾ ഉൾപ്പെടെ ഏറ്റെടുത്ത് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, കഴിഞ്ഞ ദിവസം ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കീഴിൽ നടന്ന ഒരു യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നു. പാർക്കിങ്ങിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ ഒൻപത് മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് തഹസിൽദാർക്ക് നിർദേശം നൽകിയിട്ടുണ്ട്. തഹസിൽദാർ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ടാണ് യോഗം നടന്നത്. ഈ നടപടികൾ ഒൻപത് മാസത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന നിർദേശമുണ്ടായിരുന്നു. ഏറ്റെടുത്ത സ്ഥലങ്ങളിൽ പലതും കാടുപിടിച്ച് കിടക്കുന്നുവെന്നും അതിൽ ഒരു വ്യക്തത വരുത്തണമെന്നുമാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഗുരുവായൂർ എം.എൽ.എ. പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് ചെയർമാനുമായി സംസാരിക്കുകയും ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാമെന്ന് അദ്ദേഹം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. സി. വി. ശാന്തകുമാർ</u>: സർ, ഞാൻ ശബരിമലയിൽ മാസപൂജയ്ക്ക് പോകുന്ന ഒരു ഭക്തനും ആ നിയോജകമണ്ഡലത്തിലെ അംഗവും കൂടിയാണ്. ശബരിമലയിലെ അടിസ്ഥാന വികസനങ്ങൾ ഒന്നും യാഥാർഥ്യമായിട്ടില്ല. പമ്പ മുതൽ മരക്കൂട്ടം വരെ കഴിഞ്ഞ ഗവൺമെന്റ് ചെയ്ത പാതകളിൽ മഴയുള്ള സമയങ്ങളിൽ നിരവധി ഭക്ത ജനങ്ങൾ തെന്നിവീണ് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യമുണ്ട്. അതിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള

ക്രമീകരണങ്ങൾ ഉണ്ടാക്കണം. അതുപോലെ പൊന്നമ്പലവാസന്റെ മണ്ഡപത്തിലെ പല സൈഡിലും ഹോളുകൾ ഇട്ടിരിക്കുകയാണ്. സ്വർണ്ണക്കൊള്ള കേസ്സിൽ പങ്കാളികളായ മുഴുവൻ കുറ്റവാളികളെയും നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ഈ ഗവൺമെന്റ് സത്വര നടപടി സ്വീകരിക്കുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. മുരളീധരൻ: സർ, ശബരിമലയുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും ഇത്തവണത്തെ ദർശനം വളരെ സുഗമമാക്കുന്നതിനുംവേണ്ടി ഈ മാസം 9-ാം തീയതി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഒരു യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ജില്ലയിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാരെ ആ യോഗത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി സർക്കാർ ക്ഷണക്കത്ത് അയയ്ക്കുന്നുണ്ട്. ആ യോഗത്തിൽവച്ച് ഈ വർഷത്തെ ശബരിമല തീർഥാടന കാലം ഭംഗിയായി നടത്തിക്കൊണ്ടുപോകാനുള്ള സംവിധാനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതാണ്. അടുത്തമാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇതുസംബന്ധിച്ച അവസാനവട്ട യോഗം പമ്പയിൽ വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശബരിമലയിലെ സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് അങ്ങേക്കറിയാവുന്നതാണ്. അത് എസ്.ഐ.ടി.-യുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള വിഷയമാണ്. ആ അന്വേഷണത്തിൽ സർക്കാരിന് ഇടപെടാനുള്ള അവകാശമില്ല. ഹൈക്കോടതിയിൽ പൂർണ്ണമായിട്ടുള്ള ചാർജ് ഷീറ്റ് നൽകിയതിനുശേഷം അഭിപ്രായം ചോദിക്കുമ്പോൾ സർക്കാർ അഭിപ്രായം രേഖപ്പെടുത്തുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ശാന്തിക്കാരും കഴകക്കാരുമായിട്ടുള്ള ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ ചില പ്രയാസങ്ങൾ നേരിടുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട പ്രശ്നം അവരുടെ സർവീസ് കാലയളവ് നിജപ്പെടുത്തുന്നതിനുവേണ്ടിയുള്ള രേഖകൾ ലഭ്യമല്ലായെന്നതാണ്. അതിനായി കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ? അതോടൊപ്പം ക്ഷേത്രങ്ങളിലെ വഴിപാടുകൾക്കായിട്ടുള്ള പൂവുകളുടെ വില കാലാനുസൃതമായി വർധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

*01-07-2026*
*Question Hour*

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ദേവസ്വം ബോർഡിന്റെ കാര്യത്തിൽ അവരുടെ വരുമാനം അനുസരിച്ചാണ് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നത്. കൊച്ചി, തിരുവിതാംകൂർ ദേവസ്വം ബോർഡുകൾക്ക് അവരുടെതായിട്ടുള്ള വരുമാനമുണ്ട്. കൊച്ചി ദേവസ്വം ബോർഡിനെ അപേക്ഷിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന് ശബരിമലയിൽ നിന്നുള്ള വരുമാനം കൊണ്ടുമാത്രം കാര്യങ്ങൾ നന്നായി നടത്തി കൊണ്ടുപോകാൻ സാധിക്കും. അതേസമയം മലബാർ ദേവസ്വം ബോർഡിനാണ് ഇക്കാര്യത്തിൽ ഏറ്റവും പ്രയാസമുള്ളത്. മലബാർ ദേവസ്വം ബോർഡിന്റെ ഈ സാമ്പത്തിക പ്രയാസം കണക്കിലെടുത്ത് ഒരു വർഷം 38 കോടി രൂപയോളം സർക്കാർ ഗ്രാന്റായി നൽകുന്നുണ്ട്. ദേവസ്വം ബോർഡുകളുടെ അഭിപ്രായമനുസരിച്ച് കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ വഴിപാടുകളും മറ്റുകാര്യങ്ങളും ഓൺലൈനാക്കുന്നതിനുവേണ്ടി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് വഴിപാടുകൾ നേരത്തെ ബുക്ക് ചെയ്യാനാണ് ഈ സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. വിഷ്ണു മോഹൻ: സർ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കഴിഞ്ഞ കാലങ്ങളിൽ ക്ഷേത്ര കലാകാരന്മാരുടെ തസ്തികകളിൽ നിയമനം നടത്തിയതിനെ സംബന്ധിച്ച് ഒട്ടനവധി ആക്ഷേപങ്ങളും ആരോപണങ്ങളും നിലനിൽക്കുകയാണ്. ക്ഷേത്ര കലാകാരന്മാരുടെ തസ്തികകളിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രകലാ പീഠങ്ങളിലെ വിദ്യാർഥികൾക്ക് മുൻഗണന നൽകുന്നതിനും അവരുടെ യോഗ്യത നിർണ്ണയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. കെ. മുരളീധരൻ: സർ, ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ കാര്യത്തിൽ ഗുരുവായൂർ ദേവസ്വത്തിൽ മാത്രമാണ് കോടതി വിധി അവർക്കെതിരായി വന്നിട്ടുള്ളത്. ബാക്കിയുള്ളവയുടെ കാര്യത്തിൽ എതിരായി കോടതി വിധികളൊന്നുമുണ്ടായിട്ടില്ല. നിയമനാധികാരം സംബന്ധിച്ച് ഗുരുവായൂർ ദേവസ്വം ബോർഡ് സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. രണ്ടുമൂന്ന് ദിവസത്തിനകം അതിൽ വിധി വരുമെന്ന് പ്രതീക്ഷിക്കുന്നു.

ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റു പ്രശ്നങ്ങൾ സർക്കാർ പഠിച്ചതിനുശേഷം തീരുമാനമെടുക്കാം.

ശ്രീ. വി. മുരളീധരൻ : സർ, ശബരിമല മാസ്റ്റർ പ്ലാൻ ഏറെക്കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയമാണ്. ഇത്തവണത്തെ ബജറ്റിൽ ശബരിമലയെ തിരുപ്പതി മാതൃകയിൽ വികസിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എനിക്ക് തോന്നിയിട്ടുള്ള കാര്യം സന്നിധാനത്തിലെ സൗകര്യം പരിമിതമായതിനാൽ വികസനം ഒരു പരിധിവരെ സാധ്യമല്ല എന്നതാണ്. അതേസമയം നമ്മുടെ രാജ്യത്ത് വൈഷ്ണോ ദേവിക്ഷേത്രം പോലുള്ള തീർഥാടന കേന്ദ്രങ്ങളുണ്ട്. അവിടെയും ഇതുപോലുള്ള പരിമിതികളുണ്ടെങ്കിലും ക്ഷേത്രത്തിനുതാഴെയുള്ള കത്ര പട്ടണത്തിലാണ് അവിടെ സൗകര്യങ്ങളൊരുക്കുന്നത്. ഈ മാതൃകയിൽ നിലയ്ക്കലിലെ സൗകര്യങ്ങൾ വർധിപ്പിച്ചുകൊണ്ട് ബേസ് സ്റ്റേഷൻ എന്ന നിലയിൽ വികസിപ്പിച്ചുകഴിഞ്ഞാൽ ശബരിമലയിലെ തിരക്ക് നിയന്ത്രിക്കുവാൻ സർക്കാരിനും ദേവസ്വം ബോർഡിനും സാധിക്കും. അത്തരത്തിലുള്ള കാര്യം ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ആലോചനയിലുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, നിലയ്ക്കൽ മുതൽ സന്നിധാനം വരെ സൗകര്യമൊരുക്കുക എന്നതാണ് ശബരിമല മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിച്ചത്. ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ട കാര്യം ശബരിമലയുടെ കാര്യത്തിൽ എല്ലായ്പ്പോഴും ഹൈക്കോടതിയുടെ നിർദേശങ്ങൾ സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും തീരുമാനത്തിനെതിരായാണ് വരുന്നത്. ശബരിമലയിൽ എങ്ങനെ തൊഴണം എന്ന ഡയറക്ഷൻ പോലും ഹൈക്കോടതിയുടെ തീരുമാനമനുസരിച്ചാണ്. കോടതിയോട് ബഹുമാനമുള്ളതുകൊണ്ട് നമ്മൾ പ്രതികരിക്കുന്നില്ലെങ്കിലും ദേവസ്വം ബോർഡുകൾക്കും സർക്കാരിനും ശബരിമലയുടെ വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കില്ല. എല്ലാകാര്യങ്ങളും കോടതി മുഖാന്തരമാണ്. ഇതാണ് ശബരിമലയുടെ നിലവിലെ സ്ഥിതിയെങ്കിലും ഭക്തജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ നിലയ്ക്കൽ മുതലുള്ള സംവിധാനം മാസ്റ്റർ പ്ലാനിൽ ഉണ്ടാകും.

*01-07-2026*
*Question Hour*

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ കൈവരിച്ച നേട്ടങ്ങൾ**

(*152) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ എന്തൊക്കെയാണെന്നും പത്ത് വർഷത്തിനുള്ളിൽ കടലിൽ എത്ര മീറ്റർ പുലിമുട്ട് നിർമ്മാണം പൂർത്തിയാക്കിയെന്നും വിശദമാക്കാമോ;

(ബി) പദ്ധതി വേഗത്തിലാക്കുന്നതിനായി 2016-2026 കാലയളവിൽ സംസ്ഥാന സർക്കാർ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; ഇതിൽ വി.ജി.എഫ്. (വയബിലിറ്റി ഗ്യാപ് ഫണ്ട്) ഇനത്തിൽ നൽകിയ തുക സംബന്ധിച്ച് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ പ്രസ്തുത തുറമുഖ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനും ഉപജീവനത്തിനുമായി പ്രഖ്യാപിച്ച പാക്കേജ് വഴി വിതരണം ചെയ്ത ധനസഹായത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ,

(എ) 2015 ആഗസ്റ്റ് 17-ന് ആണ് സംസ്ഥാന സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും (AVPPL) തമ്മിൽ തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനുമായി കൺസെഷൻ കരാറിൽ ഏർപ്പെട്ടത്. തുടർന്ന് 2015 ഡിസംബർ 5-ന് തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. കൺസെഷൻ കരാർ പ്രകാരം ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3-ന് ആയിരുന്നു. എന്നാൽ പദ്ധതി നിർദിഷ്ട കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാതെ വന്നു. തുടർന്ന് സർക്കാരും അദാനി കമ്പനിയും തമ്മിൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസെഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 2024 ഡിസംബർ 3-ന് വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിച്ചു. 2960 മീറ്റർ നീളത്തിലുള്ള പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

*01-07-2026*
*Question Hour*

(ബി) 2016-2026 കാലയളവിൽ സംസ്ഥാന സർക്കാർ വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി ചിലവാക്കിയിട്ടുള്ളത് 3085.52 കോടി രൂപയാണ് (2016-2021: Rs.570.15 കോടി, 2021-2026: Rs.2515.37 കോടി). ടി കാലയളവിൽ സംസ്ഥാന സർക്കാർ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തനങ്ങൾ | വകയിരുത്തിയ തുക (കോടി രൂപ) |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കൽ | 511.98 |
| 2. | ജീവനോപാധി നഷ്ടപരിഹാരവും, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളും | 112.92 |
| 3. | റെയിൽ പദ്ധതി | 367.88 |
| 4. | തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ | 1858.07 |
| 5. | Project financing Charges, administration, consultancy etc. | 234.67 |
| ആകെ | | 3085.52 |

തുറമുഖ നിർമ്മാണത്തിന് ഗ്രാന്റായി അദാനി കമ്പനിക്ക് നൽകേണ്ട 1635 കോടി രൂപയിൽ 817.80 കോടി രൂപയാണ് കേന്ദ്ര സർക്കാരിന്റെ (Department of Economic Affairs, Ministry of Finance) വയബിലിറ്റി ഗ്യാപ് സ്കീമിൽ, വയബിലിറ്റി ഗ്യാപ് ഫണ്ടായി പദ്ധതിക്ക് അനുവദിച്ചിട്ടുള്ളത്. പദ്ധതിക്കായി ഒപ്പിട്ട ത്രികക്ഷി കരാറിന്റെയും (Tri-Partite Agreement), പ്രീമിയം ഷെയറിങ് എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിൽ അദാനി കമ്പനിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി 817.80 കോടി രൂപ പൂർണമായും ലഭ്യമാക്കിയിട്ടുണ്ട്.

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 475 കോടി രൂപയുടെ സമഗ്ര പുനരധിവാസ പാക്കേജിന് 2015-ൽ ഉമ്മൻ ചാണ്ടി സർക്കാർ അംഗീകാരം നൽകിയിരുന്നു. പദ്ധതി പ്രദേശത്ത് ഭാവിയിൽ തീരശോഷണംമൂലം വീട് നഷ്ടപ്പെടാൻ സാധ്യതയുള്ളവരുടെ പുനരധിവാസംകൂടി ഉറപ്പാക്കുന്നതായിരുന്നു പ്രസ്തുത പാക്കേജ്. തുറമുഖ നിർമ്മാണംമൂലം ജീവനോപാധി നഷ്ടപ്പെടുന്ന പ്രദേശവാസികളുടെ

*01-07-2026*
*Question Hour*

പരാതികൾ പരിഹരിക്കുന്നതിനും ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനുമായി റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC)-യെയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി നാളിതുവരെ 114.54 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 2016-2026 കാലയളവിൽ 106.54 കോടി രൂപയാണ് ജീവനോപാധി നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുള്ളത്. നാളിതുവരെ വിതരണം ചെയ്ത നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **വിഭാഗം** | **ഗുണഭോക്താക്കളുടെ എണ്ണം** | **നഷ്ടപരിഹാരത്തുക (കോടി രൂപയിൽ)** |
|---|---|---|---|
| 1 | ചിപ്പി/ ലോബ്സ്റ്റർ തൊഴിലാളികൾ | 296 | 13.03 |
| 2 | കരമടി ഉടമസ്ഥർ/ തൊഴിലാളികൾ | 1098 | 59.19 |
| 3 | കരമടി അനുബന്ധ സ്ത്രീ ചുമട്ടു തൊഴിലാളികൾ | 15 | 0.15 |
| 4 | കട്ടമരം ഉടമസ്ഥർ | 99 | 4.07 |
| 5 | മണ്ണെണ്ണ ആനുകൂല്യം | 1221 | 31.57 |
| 6 | റിസോർട്ട് തൊഴിലാളികൾ | 226 | 6.45 |
| 7 | സ്വയം സഹായ സംഘങ്ങൾ (4) | 33 | 0.08 |
| **ആകെ** | | **2988** | **114.54** |

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, പതിറ്റാണ്ടുകൾ കടലാസിൽ മാത്രമൊതുങ്ങിയ ദൈവത്തിന്റെ സ്വന്തം നാടിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം പദ്ധതിക്ക് പുതുജീവൻ നൽകുകയും യാഥാർത്ഥ്യമാക്കിയതും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്. വിഴിഞ്ഞം

തുറമുഖത്തിന്റെ പുലിമുട്ടിൽ ഫ്ലോട്ടറുകൾ സ്ഥാപിച്ച് തിരമാലകളിൽനിന്നുള്ള വൈദ്യുതോൽപാദനത്തിന് എന്തെങ്കിലും പദ്ധതി തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും ഒരു പോർട്ട് വരുമ്പോൾ ദീർഘവീക്ഷണത്തോടുകൂടിയാണ് ആലോചിക്കേണ്ടത്. പോർട്ടിൽ ഹാർബറിൽ നടക്കുന്ന ആക്ടിവിറ്റിക്കപ്പുറം, ഔട്ട് ഓഫ് ഹാർബർ ആക്ടിവിറ്റിക്കാണ് ഈ സർക്കാർ ഏറ്റവും കൂടുതൽ ഊന്നൽ കൊടുക്കുന്നത്. കാരണം സർക്കാരിന് വരുമാനമുണ്ടാകാനും സാമ്പത്തിക നടപടികൾ/ ഇക്കണോമിക് ആക്ടിവിറ്റി കൂടുതലുണ്ടാകേണ്ടതും പോർട്ടിന് പുറത്താണ്. പോർട്ടുമായി ബന്ധപ്പെട്ട കണക്ടിവിറ്റികൾ, റെയിൽ കണക്ടിവിറ്റി തീർക്കാമെന്നാണ് പറഞ്ഞിരുന്നത്; പക്ഷേ 10 വർഷത്തിനിടയിൽ ഒന്നുമായില്ല. റോഡ് കണക്ടിവിറ്റി തീർക്കാമെന്നാണ് പറഞ്ഞിരുന്നത്; അതും ഒന്നുമായില്ല. റോഡ് കണക്ടിവിറ്റിയും റെയിൽ കണക്ടിവിറ്റിയും സംസ്ഥാന സർക്കാരിന്റെ ബാധ്യതയായിരുന്നു. അത് നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. വൈദ്യുതി ഉൽപാദനത്തിനുള്ള കൂടുതൽ സാധ്യതകൾ തേടണം. കാരണം ഇതുമായി ബന്ധപ്പെട്ട കൂടുതൽ സബ്സിഡിയറി ഇൻഡസ്ട്രീസ്, പോർട്ട് റിലേറ്റഡ് ഇൻഡസ്ട്രീസ് ഉണ്ടാകണമെന്നും അതിൽ നിക്ഷേപമുണ്ടാകണമെന്നുമെല്ലാം ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിനാവശ്യമായ വൈദ്യുതി കണക്കാക്കി വൈദ്യുതി ഉൽപാദനം ഉണ്ടാകണം. അത് റിന്യൂവബിൾ എനർജിയാണോ മറ്റേതെങ്കിലും തരത്തിലുള്ള വൈദ്യുതിയാണോ എന്നാലോചിച്ച് തീർച്ചയായും അതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീമതി ഒ. എസ്. അംബിക: സർ, അടിസ്ഥാന സൗകര്യ വികസനത്തിന് ചെലവഴിച്ച തുക വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിലെ 817.80 കോടി രൂപ തിരിച്ചടയ്ക്കണമെന്നാണ് കേന്ദ്രസർക്കാരിന്റെ നിർദേശം. വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യത്തിൽ മാത്രമാണ് ഈ നിബന്ധനയുള്ളത്. ഇതിൽ ഇളവ് നൽകണമെന്ന ആവശ്യം സംസ്ഥാന സർക്കാർ അറിയിച്ചിരുന്നു. നിലവിലെ അവസ്ഥ സംബന്ധിച്ച് വിശദീകരിക്കാമോ?

*01-07-2026*
*Question Hour*

ശ്രീ. വി. ഡി. സതീശൻ: സർ, നേരത്തെതന്നെ തിരിച്ചടയ്ക്കണമെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടത്. അത് ഇതുവരെ തിരിച്ചടച്ചിട്ടില്ല. കാരണം ഇത് കേന്ദ്രസർക്കാർ നൽകണമെന്നുള്ള നിലപാടാണ് കഴിഞ്ഞ സർക്കാരും സ്വീകരിച്ചിട്ടുള്ളത്. ഈ സർക്കാരിന്റെയും നിലപാട് അതുതന്നെയാണ്. അതിൽനിന്നും മാറ്റമൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തിപ്പിക്കുന്ന അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ 49 ശതമാനം ഓഹരി എം.എസ്.സി. (മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനി) ഗ്രൂപ്പിന്റെ ഉപവിഭാഗമായ ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിന് കൈമാറുന്നതായുള്ള വാർത്ത നമ്മുടെ ഗവൺമെന്റ് എങ്ങനെയാണ് വിലയിരുത്തുന്നത്?

ശ്രീ. വി. ഡി. സതീശൻ: സർ, ഇതുസംബന്ധിച്ച വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സർക്കാരിനോട് ഇതിനുള്ള അനുമതി തേടിയിട്ടില്ല. കൺസെഷണയറിലെ ക്ലോസ് 5(3) പ്രകാരം സർക്കാരിന്റെ അപ്രൂവൽ ഇല്ലാതെ അവർക്ക് ഷെയർ ട്രാൻസ്ഫർ ചെയ്യാൻ സാധിക്കില്ല. അതിന് സംസ്ഥാന സർക്കാരിന്റെ അനുമതിയും ചില കാര്യങ്ങളിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയും ആവശ്യമാണ്. അങ്ങനെ അനുമതി ആവശ്യപ്പെട്ടുകൊണ്ട് അവർ വന്നിട്ടില്ല.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട പ്രവൃത്തി ആരംഭിച്ചിരുന്നു. പ്രവൃത്തി വളരെ മന്ദഗതിയിലാണ് നടക്കുന്നത്. പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; ക്രൂയിസ് കപ്പലുകളുമായി ബന്ധപ്പെട്ട അനുമതി ലഭിച്ചിട്ടുണ്ടോ; അതിനായി എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അനുബന്ധ വ്യവസായ വികസനത്തിനായി എത്ര സ്ഥലം കണ്ടെത്തിയിട്ടുണ്ട്; നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

ശ്രീ. വി. ഡി. സതീശൻ: സർ, യഥാർത്ഥത്തിൽ 2028-ലാണ് പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തിയാകേണ്ടത്. രണ്ടാംഘട്ടം പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള എല്ലാ സഹായവും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഇതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പാണ് ഏറ്റവും

പ്രധാനം. അത് വളരെ മന്ദഗതിയിലാണ് നടക്കുന്നത്. ഇതിന്റെ അനുബന്ധ വ്യവസായങ്ങൾക്ക് നമ്മൾ സ്ഥലമേറ്റെടുത്ത് നൽകിയില്ലെങ്കിൽ അതിനുള്ള തയ്യാറെടുപ്പുകൾ നമ്മുടെ അയൽ സംസ്ഥാനങ്ങൾ നമ്മളെക്കാൾ വേഗത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലമായി വിഴിഞ്ഞം പോർട്ടിന്റെ ഗുണഭോക്താകാൻവേണ്ടി തമിഴ്നാട് നല്ല ശ്രമങ്ങളാണ് നടത്തിയിട്ടുള്ളത്. പോർട്ട് റിലേറ്റഡ് ഇൻഡസ്ട്രി ഡെവലപ് ചെയ്യേണ്ടതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നമ്മുടെ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ദൗർഭാഗ്യവശാൽ വളരെ മന്ദഗതിയിലാണ് പോകുന്നത്. സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന, ബജറ്റിൽ പറഞ്ഞിരിക്കുന്ന പോർട്ട് സിറ്റിയുടെ ഭാഗമായികൂടി, ഔട്ട് ഓഫ് പോർട്ട് ഡെവലപ്മെന്റുണ്ടായില്ലെങ്കിൽ ഇതൊരു തുറമുഖം അല്ലെങ്കിൽ ഗേറ്റ്‌വേ മാത്രമായി അവശേഷിക്കും. ഈ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് ജനറേഷനുണ്ടാകാനും കൂടുതൽ ജോലി സാധ്യതകളുണ്ടാകാനും സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനം വർധിപ്പിക്കാനും കൂടുതൽ എക്കണോമിക് ആക്ടിവിറ്റിയുണ്ടായി നമ്മുടെ സമ്പദ്‌വ്യവസ്ഥയെ മെച്ചപ്പെടുത്താനുമുള്ള നല്ല അവസരമാണ് ഈ പോർട്ടിലുള്ളത്. എന്നാൽ അതിന് അനുബന്ധമായി സർക്കാർ ചെയ്തുതീർക്കേണ്ട കാര്യങ്ങൾ വളരെ മന്ദഗതിയിലാണ് പോയ്ക്കൊണ്ടിരുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ പോർട്ട് കണക്ടിവിറ്റിയും റോഡ് കണക്ടിവിറ്റിയും പ്രധാനമാണ്. റോഡ് കണക്ടിവിറ്റിയുണ്ടായാൽ റോഡിന്റെ ഇരുവശങ്ങളിലുമുള്ള സ്ഥലമേറ്റെടുത്ത് ധാരാളം കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഞങ്ങൾ അധികാരത്തിൽ വന്നിട്ട് ഒരുമാസം കഴിഞ്ഞതേയുള്ളൂ. അതിനുള്ളിൽ ഇതുസംബന്ധിച്ച മുഴുവൻ കാര്യങ്ങളെക്കുറിച്ചും ഞങ്ങൾ പഠനം നടത്തിയിട്ടുണ്ട്. കണ്ടെയ്നർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളോട് അടിയന്തരമായി നടപടി സ്വീകരിക്കാൻ അറിയിച്ചിട്ടുണ്ട്. അതിനാവശ്യമായ സ്ഥലം നൽകാൻ വ്യവസായ വകുപ്പ് തയ്യാറായിട്ടുമുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കഴിഞ്ഞ പത്തുവർഷമായിട്ടും റെയിൽ കണക്ടിവിറ്റി ആരംഭിക്കാൻ കഴിയാത്തതും റോഡ് കണക്ടിവിറ്റി പൂർത്തീകരിക്കാൻ കഴിയാത്തതുമാണ് ഔട്ട് ഓഫ് പോർട്ട്

ഡെവലപ്മെന്റുണ്ടാകാത്തതിനുകാരണം. അണ്ടർഗ്രൗണ്ട് ടണലിലൂടെയാണ് റെയിൽ കണക്റ്റിവിറ്റി നിലവിലെ സർക്കാർ ഡിസൈൻ ചെയ്തിരിക്കുന്നത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് ഉപരിതല റെയിൽവേയാണ് ഡിസൈൻ ചെയ്തിരുന്നത്. ടണലിലൂടെയുള്ള റെയിൽപാത നിർമ്മാണം നടക്കുമ്പോൾ അതിന്റെ ഇരുവശങ്ങളിലും No Development Zone ഉണ്ടാകും. സ്വാഭാവികമായും അതിന്റെ ഭൂഉടമകൾക്ക് യാതൊരു നഷ്ടപരിഹാരവും ലഭിക്കുന്നില്ല. കൂടാതെ ഇതിന്റെ അലൈൻമെന്റിനെക്കുറിച്ച് പ്രദേശവാസികൾക്ക് ശക്തമായ എതിർപ്പുമുണ്ട്. രണ്ടാംഘട്ട വികസനം വരുമ്പോൾ അവിടത്തെ ടൂറിസവും മത്സ്യബന്ധനവും തടസ്സപ്പെടുമോയെന്ന രീതിയിലുള്ള ആശങ്കകൾ അവർ പറഞ്ഞിട്ടുണ്ട്. ആശങ്ക പ്രകടിപ്പിച്ച വ്യക്തികളുമായും ടൂറിസം മേഖലയുമായും ചർച്ച ചെയ്ത് റെയിൽ കണക്റ്റിവിറ്റി, രണ്ടാംഘട്ട വികസനം എന്നിവയുടെ കാര്യത്തിലുണ്ടാകുന്ന ആശങ്കകൾ പരിഹരിച്ച് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, റെയിൽ കണക്റ്റിവിറ്റിയും റോഡ് കണക്റ്റിവിറ്റിയും നമുക്ക് നിർബന്ധമായും ആവശ്യമാണ്. പോർട്ടുമായി ബന്ധപ്പെട്ട വികസനവുമുണ്ടാകണം. അത്തരം വികസന സംരംഭങ്ങളുണ്ടാകുമ്പോൾ പ്രദേശവാസികൾക്ക് എന്തെങ്കിലും പ്രയാസങ്ങളുണ്ടെങ്കിൽ അവരുമായി സംസാരിച്ച് ആ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കുന്നതിന് ശ്രദ്ധിക്കും. പോർട്ടിന്റെ പ്രവൃത്തി ആരംഭിച്ചകാലംമുതൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട പരാതികളുണ്ടാകുന്നുണ്ട്. അവരെ ഏതെങ്കിലും തരത്തിൽ സഹായിക്കാൻ സാധിക്കുമോയെന്ന് ഗവൺമെന്റ് പരിശോധിക്കും. പോർട്ട് വന്നതുകൊണ്ട് അവിടെയുള്ള മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗം ഇല്ലാതാവുകയോ ടൂറിസം ഇൻഡസ്ട്രിക്ക് തകരാറുണ്ടാകുകയോ ചെയ്യുന്ന ഒരു നടപടിയുമുണ്ടാകില്ല. അത് പരിഹരിക്കാൻ അത്തരം ആളുകളുമായും സ്റ്റേക്ക് ഹോൾഡേഴ്സുമായുള്ള കൂടിയാലോചനകൾ ഗവൺമെന്റ് നടത്തും.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, തുറമുഖങ്ങളുടെ വികസനം വളരെ പ്രധാനമാണ്. നമ്മുടെ സമ്പദ്ഘടനയെ മെച്ചപ്പെടുത്തുന്നതിൽ അവയ്ക്ക് വളരെയധികം പങ്കുണ്ട്. കഴിഞ്ഞ

സർക്കാരിന്റെ കാലത്ത്, മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട സ്വപ്നങ്ങളിലൊന്നാണ് മലബാർ ഇന്റർനാഷണൽ ഗ്രീൻഫീൽഡ് പോർട്ട് എന്നത്. അതിനായി മുഖ്യമന്ത്രി ചെയർമാനായ ഒരു കമ്പനി രൂപീകരിക്കുകയും പ്രോജക്ട് അംഗീകരിച്ച് സെൻട്രൽ ഗവൺമെന്റിന് സമർപ്പിക്കുകയും Expression of Interest ക്ഷണിച്ചുവെന്നുമാണ് മനസ്സിലാക്കുന്നത്. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാനായി അങ്ങ് ശക്തമായി ഇടപെടുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും. ഈ സംസ്ഥാനത്തെ മുഴുവൻ പോർട്ട് സിറ്റിയാക്കുക എന്നത് ഈ സർക്കാരിന്റെ ഏറ്റവും വലിയ സ്വപ്നപദ്ധതികളിലൊന്നാണെന്ന കാര്യം ഞാൻ മുമ്പും സൂചിപ്പിച്ചിട്ടുണ്ട്. 600 കിലോമീറ്റർ തീരദേശവും രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങളും 17 മിനി തുറമുഖങ്ങളും ഒരു കണ്ടെയ്നർ ടെർമിനലുമുള്ള ചെറിയ പ്രോക്സിമിറ്റിയിലുള്ള ഒരു സ്ഥലമാണിത്. ഈ പോർട്ടുകളെയും മിനി പോർട്ടുകളെയുമെല്ലാം ഡെവലപ് ചെയ്ത് ലോജിസ്റ്റിക്സ്, ക്രൂയിസ് ഷിപ്പിങ് തുടങ്ങിയവ കൊണ്ടുവരികയും ഈ പോർട്ടുകളുമായി ബന്ധപ്പെട്ട് വലിയൊരു ടൗൺഷിപ്പ് രൂപപ്പെട്ടുവരികയും ചെയ്താൽ അവിടെ നിരവധി വികസന പ്രവർത്തനങ്ങളും നിക്ഷേപങ്ങളും ഉണ്ടാകാനുള്ള സാധ്യതയുണ്ട്. സർക്കാർ ഈ പരിപാടി പ്രഖ്യാപിച്ചപ്പോൾത്തന്നെ നിരവധി ആളുകൾ നിക്ഷേപം നടത്താൻ തയ്യാറായി മുന്നോട്ടുവന്നിട്ടുണ്ട്. പലതരത്തിലുള്ള എക്കണോമിക് മോഡലുകളുണ്ടാക്കി, സർക്കാരിന് പൂർണ്ണമായ പ്രാതിനിധ്യം ഉറപ്പാക്കുന്ന തരത്തിലുള്ള വിവിധ വികസന പദ്ധതികൾ ഇതുമായി ബന്ധിപ്പിക്കാൻ സാധിക്കുമെന്നകാര്യം ഞാൻ നേരത്തെ ബജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. മുഖ്യമന്ത്രി ചെയർമാനായ മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് രൂപീകരിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ് പോകുന്നതെന്ന് ബഹുമാനപ്പെട്ട അംഗത്തിനും അറിയാവുന്ന കാര്യമാണ്. ആ പോർട്ട് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മലബാറിൽ വലിയ വികസന സാധ്യതകളുണ്ട്. അഴീക്കൽ, ബേപ്പൂർ ഉൾപ്പെടെയുള്ള തുറമുഖങ്ങൾ വലിയ വികസന സാധ്യതകളുടെ വാതിലാണ് തുറക്കപ്പെടുന്നത്. ഗവൺമെന്റ് അതിന് ഒന്നാമത്തെ പരിഗണന നൽകിക്കൊണ്ട് പോർട്ട് ഡെവലപ്മെന്റിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തും. അതിലൊരു പ്രയോറിറ്റി മലബാറിലെ വികസന സംരംഭങ്ങൾക്ക് തീർച്ചയായുമുണ്ടാകും.

*01-07-2026*
*Question Hour*

ശ്രീ. നജീബ് കാന്തപുരം: സർ, ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഒരു സ്വപ്ന പദ്ധതിയാണ് വിഴിഞ്ഞം പോർട്ട്. അന്ന് ആരംഭിച്ച ആ വലിയ പദ്ധതി ഇന്ന് രണ്ടാം ജനറേഷനിലേക്ക് കടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റ് പ്രസംഗത്തിൽ പറഞ്ഞതുപോലെ, മിഷൻ സമുദ്ര, നമുക്ക് വലിയ പ്രതീക്ഷ നൽകുന്ന പദ്ധതിയാണ്. കാലാനുസൃതമായി നമ്മുടെ അക്കാദമിക് നിലവാരത്തിൽ പുതിയ കോഴ്സുകൾ കൊണ്ടുവരണമെന്ന് നമ്മൾ ആഗ്രഹിക്കുന്നുണ്ട്. പ്രത്യേകിച്ച് ലോജിസ്റ്റിക്സ് എന്നത് ലോകത്തുതന്നെ ഏറ്റവും ശ്രദ്ധേയമായൊരു പഠനമേഖലയാണ്. അതിനാൽ പോർട്ട് സിറ്റിയെന്ന അങ്ങയുടെ ആശയത്തെ അക്കാദമിക് രംഗവുമായി സംയോജിപ്പിച്ച് സാധ്യത കൊണ്ടുവരാൻ അക്കാദമിക് രംഗത്തുകൂടി ഇന്റർവെൻഷൻ ഉണ്ടാകുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ പ്രസക്തമായൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. കാരണം ഇതിന് അക്കാദമിക് രംഗത്ത് ഒരുപാട് സാധ്യതകളുണ്ട്. മാരിടൈം ഹിസ്റ്ററി എന്നത് ഇന്ന് ലോകം ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന പ്രധാനപ്പെട്ടൊരു സബ്ജക്ടാണ്. അതിന്റെ ഭാഗമായാണ് അന്താരാഷ്ട്ര നിലവാരമുള്ള ഒരു മാരിടൈം മ്യൂസിയമുണ്ടാക്കുമെന്ന് ബജറ്റിലൂടെ പ്രഖ്യാപിച്ചത്. അത് കാഴ്ചകൾമാത്രം കാണാനുള്ളതല്ല. അതിനെ അക്കാദമിക് ലോകവുമായി ബന്ധപ്പെടുത്തുന്ന അക്കാദമിക് പ്രോഗ്രാമുകൾകൂടി ഈ മ്യൂസിയത്തിന്റെ ഭാഗമായുണ്ടാകും. ഇതിലൂടെ നമ്മുടെ നാടിന്റെയും രാജ്യത്തിന്റെയും മാരിടൈം ഹിസ്റ്ററി ലോകത്തിനുമുന്നിൽ ഷോകേസ് ചെയ്യാൻ സാധിക്കും. പോർച്ചുഗീസുകാർ കാപ്പാട് കടൽപ്പുറത്ത് ഇറങ്ങിയത്, ഡച്ചുകാരുടെയും ബ്രിട്ടീഷുകാരുടെയും വരവ്, കുഞ്ഞാലിമരക്കാർ നടത്തിയ വീരോചിതമായ പോരാട്ടം ഉൾപ്പെടെയുള്ള കാര്യങ്ങൾ പുതിയ തലമുറയിലേക്ക് പകർന്നുകൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാകും. മാരിടൈം ഹിസ്റ്ററി പോലെ ലോജിസ്റ്റിക്സും ഇന്ന് വളരെ പ്രധാനപ്പെട്ട അന്താരാഷ്ട്ര വിഷയമാണ്. കൂടാതെ മാരിടൈം ലോ, മുംബൈ കേന്ദ്രീകരിച്ചാണ് മാരിടൈം ലോയുമായി ബന്ധപ്പെട്ട ആർബിട്രേഷനുകളും മറ്റുമുള്ളത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം നിലവിൽവന്നതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്തെ മാർഇവാനിയസ് കോളേജിൽ എൽ.എൽ.എം. മാരിടൈം കോഴ്സ് ആരംഭിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടുനടത്തിയ പരിപാടിയിൽ ഞാൻ

പങ്കെടുത്തിരുന്നു. മാരിടൈം ലോ, ലോജിസ്റ്റിക്സ് തുടങ്ങിയവ തൊഴിൽ സാധ്യതകൾക്കും നിരവധി അക്കാദമിക് പ്രോഗ്രാമുകൾക്കുകൂടിയുള്ള വഴി തുറക്കും. പോർട്ട് സിറ്റിയുടെ ഭാഗമായി ഗവൺമെന്റ് അതിന് പ്രത്യേകമായ പ്രാധാന്യം നൽകുന്നതാണ്.

ശ്രീ. സജി ചെറിയാൻ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വന്നതോടുകൂടി ആ സ്ഥലത്തുനിന്ന് ധാരാളം ആളുകളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ വിഷയത്തിൽ ഇടപെട്ടതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേയ്ക്ക് ധാരാളം നിക്ഷേപങ്ങൾ വരികയാണ്. ഇനിയും അവിടെ ധാരാളം സ്ഥലം ഏറ്റെടുക്കേണ്ടിവരും. പ്രസ്തുത പ്രദേശം മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. ഒന്നോ രണ്ടോ സെന്റ് സ്ഥലം മാത്രമായിരിക്കും ഓരോ കുടുംബങ്ങൾക്കുമുള്ളത്. സർക്കാർ എത്ര സഹായിച്ചാലും അവർക്ക് അവിടെ താമസിക്കുന്നതിന് പരിമിതികളുണ്ട്. അവർക്ക് ഇനിയും അവിടെ താമസിക്കാൻ ബുദ്ധിമുട്ടാണ്. അവിടെനിന്ന് ധാരാളം ആളുകളെ ഇനിയും മാറ്റി പാർപ്പിക്കേണ്ടിവരും. അതിനാൽ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകി അവരെ പുനരധിവസിപ്പിക്കുന്നതിന് ഒരു പ്രത്യേക പാക്കേജ് വേണ്ടി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്നത്തെ ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നമ്മൾ വികസനത്തെക്കുറിച്ച് മാത്രമാണ് സംസാരിക്കുന്നതെന്നതാണ്. ഓരോ പ്രദേശത്തും വികസനമുണ്ടാകുമ്പോൾ അതിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന ഇരകളുമുണ്ടാകുന്നുണ്ട്. ഓരോ വികസന പാക്കേജിനോടുമൊപ്പം ആ വികസനത്തിന്റെ ഇരകളെ പുനരധിവസിപ്പിക്കാനുള്ള പ്രോജക്റ്റുകളുമുണ്ടാകണം. അത് മുൻകൂട്ടി കണ്ടുകൊണ്ടാണ് ഉമ്മൻ ചാണ്ടി സർക്കാർ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വന്നപ്പോൾ പ്രത്യേകമായി 475 കോടി രൂപയുടെ ഒരു പ്രോജക്റ്റ് പ്രഖ്യാപിച്ചത്. കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി തീരശോഷണമുണ്ടാകുകയാണ്. ഒരു പ്രദേശത്ത് തുറമുഖത്തിന്റെ ഭാഗമായി 4000 മീറ്റർ ദൂരത്തിൽ കടൽ ഭിത്തി നിർമ്മിക്കുമ്പോൾ അത്രയും ഭാഗത്ത് കടലാക്രമണമുണ്ടാകില്ല. പക്ഷെ ബാക്കിയുള്ള ഭാഗത്ത് കടലാക്രമണം രൂക്ഷമാകുകയും ചെയ്യും. അത് ഒരു സാധ്യതയാണ്.

വലിയതുറയിലെ ഒരു സിമന്റ് ഗോഡൗണിൽ താമസിച്ച കുടുംബങ്ങളെ പുനരധിവസിപ്പിക്കണമെന്ന് ഞാൻ ഈ നിയമസഭയിൽ കൈകൂപ്പി അഭ്യർഥിച്ചിട്ടുണ്ട്. വികസനത്തിന്റെ ഇരകളാവുന്നവരെ ചേർത്തുപിടിക്കുകയെന്നതാണ് ഈ സർക്കാരിന്റെ നയം. വിഴിഞ്ഞം പോർട്ട് സിറ്റി പ്രഖ്യാപിച്ചപ്പോൾത്തന്നെ സർക്കാർ പറഞ്ഞത് പോർട്ട് സിറ്റിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന തൊഴിലവസരങ്ങളിൽ മൂന്നിലൊന്ന് ഭാഗമെങ്കിലും തീരപ്രദേശത്ത് ജീവിക്കുന്ന സാധാരണക്കാരുടെ മക്കൾക്ക് നൽകണമെന്നാണ്. നമ്മുടെ നാടിന്റെ ഒരു പ്രധാന നേട്ടമെന്ന് പറയുന്നത്, ഏത് ഗ്രാമത്തിൽ ചെന്നാലും ഇലക്ട്രിക്കൽ എഞ്ചിനിയറെയോ മെക്കാനിക്കൽ എഞ്ചിനിയറെയോ എം.ബി.എ./എം.സി.എ.-ക്കാരയോ ലഭിക്കുമെന്നതാണ്. വിദ്യാഭ്യാസ യോഗ്യതയുള്ളതും മികച്ച ടാലന്റുള്ളതുമായ യുവാക്കൾ നമ്മുടെ എല്ലാ സ്ഥലങ്ങളിലുമുണ്ട്. ഏത് സ്ഥലത്ത് വികസനം വന്നാലും ആ വികസനം നടക്കുന്ന സ്ഥലത്തെ ജനങ്ങളുടെ ജീവിത നിലവാരത്തിൽക്കൂടി മാറ്റമുണ്ടാകണമെന്ന ഉദ്ദേശ്യമാണ് ഈ സർക്കാരിനുള്ളത്. ആ പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന സങ്കടങ്ങളുടെകൂടെ സർക്കാർ നിൽക്കുകയും അവരുടെ ജീവിത നിലവാരം ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, കേരളത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടിയാണ് ഉമ്മൻചാണ്ടി സർക്കാർ വിഴിഞ്ഞം പദ്ധതി ആസൂത്രണം ചെയ്തത്. പക്ഷെ ആ പദ്ധതിക്കെതിരെ 6,000 കോടി രൂപയുടെ അഴിമതിയാണ് അന്നത്തെ പ്രതിപക്ഷം ഉന്നയിച്ചത്. എന്തുകൊണ്ടാണ് അങ്ങനെയൊരു ആരോപണം ഉന്നയിച്ചത്; ആ പദ്ധതി തടസ്സപ്പെടുത്താൻ വേണ്ടിയാണോ; പ്രസ്തുത അഴിമതി ആരോപണത്തെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷന്റെ കണ്ടെത്തൽ ഒന്ന് വിശദീകരിക്കാമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നമ്മുടെ നാട്ടിൽ പണ്ടുമുതലുള്ള ഒരു ശീലമാണിത്. നാടിന്റെ മുഖച്ഛായ മാറ്റാനുള്ള പ്രധാനപ്പെട്ട സംരംഭങ്ങളും പദ്ധതികളുമായി ഭരണാധികാരികൾ രംഗത്തിറങ്ങുമ്പോൾ അതിനെതിരെ ധാരാളം വിമർശനങ്ങളും ആക്ഷേപങ്ങളുമുണ്ടാകാറുണ്ട്. നമ്മൾ എപ്പോഴും ആവർത്തിക്കുന്ന ഒരു 'ക്ലീഷേ' വാചകമുണ്ട്. ട്രാക്ടർ, കമ്പ്യൂട്ടർ എന്നിവ വന്നപ്പോഴും ഈ സംഭവങ്ങളുണ്ടായിരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര

തുറമുഖം വന്നപ്പോൾ 6,000 കോടി രൂപയുടെ റിയൽ എസ്റ്റേറ്റ് ഇടപാടാണെന്ന ആരോപണം ഉയർന്നിരുന്നു. അന്ന് ആ ആരോപണം ഉന്നയിച്ച വ്യക്തികളാണ് ഇന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ക്രെഡിറ്റ് ഏറ്റെടുക്കുന്നതെന്നത് ചരിത്രത്തിന്റെ മറ്റൊരു വിരോധാഭാസമാണ്. പക്ഷെ ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മിറ്റി ഇത് അന്വേഷിക്കുകയും ഈ കൺസഷനെയറുമായി ബന്ധപ്പെട്ട് ഒരുതരത്തിലുമുള്ള അഴിമതിയോ അവിഹിത ഇടപാടുകളോ ഇല്ലെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തു. ഇത് സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാനും സംസ്ഥാനത്തിന്റെ ഭാവി സുരക്ഷിതമാക്കാനുമുള്ള മികച്ച ഒരു പദ്ധതിയാണെന്നുമുള്ള സർട്ടിഫിക്കറ്റ് കൂടിയാണ് ആ ജുഡിഷ്യൽ കമ്മീഷൻ റിപ്പോർട്ട് എന്നുകൂടി പ്രത്യേകം പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. ഫൈസൽ ബാബു</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ദിവസവും ശുഭകരമായ വാർത്തകളാണ് വരുന്നത്. കഴിഞ്ഞ ദിവസം വന്ന ഒരു വാർത്ത ലോകത്തിലെ ഏറ്റവും വലിയ ഷിപ്പിങ് കമ്പനിയായ എം.എസ്.സി. ഗ്രൂപ്പ് 13,000 കോടി രൂപയുടെ നിക്ഷേപം വിഴിഞ്ഞത്ത് നടത്താൻ പോകുന്നുവെന്നാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസന ഫലങ്ങൾ മലബാർ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ബേപ്പൂർ തുറമുഖം ആധുനികവൽക്കരിക്കുന്നതിനും അവിടെ ഒരു മൈനർ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് അല്ലെങ്കിൽ ഫീഡർ കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചിരുന്നു. അതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അതിന് പ്രത്യേക പദ്ധതികളുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എം.എസ്.സി. കമ്പനിയുടെ നിക്ഷേപത്തെക്കുറിച്ച് നേരത്തെ ഒരംഗം ചോദിച്ചതിന് ഞാൻ മറുപടി പറഞ്ഞതാണ്. പ്രസ്തുത നിക്ഷേപത്തെ സംബന്ധിച്ചുള്ള ഫയലൊന്നും സർക്കാരിന്റെ മുമ്പിൽ ഇതുവരെ വന്നിട്ടില്ല. സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ അത്തരം ഒരു നിക്ഷേപം നടത്താൻ സാധിക്കുകയുള്ളൂ. സർക്കാരിന്റെ മുമ്പിൽ അത്തരം ഒരു കാര്യം വന്നാൽ അത് പരിശോധിക്കും. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മാത്രമല്ല കേരളം മുഴുവൻ ഒരു തുറമുഖ നഗരമാക്കാനുള്ള പദ്ധതിയുണ്ട്. വിഴിഞ്ഞം ഒരു പ്രധാന തുറമുഖമാണ്. കൊച്ചി തുറമുഖം, കണ്ടെയ്നർ ടെർമിനൽ

എന്നിവയുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികളുണ്ട്. ഏറ്റവും കൂടുതൽ പ്രാധാന്യം ലഭിക്കേണ്ട, പരമ്പരാഗതമായ ഒരു തുറമുഖമാണ് ബേപ്പൂർ. പോർട്ട് പദ്ധതിയിൽ ബേപ്പൂരിന് വലിയ പ്രാധാന്യം തീർച്ചയായും ഉണ്ടാകും. ആദ്യം തന്നെ വികസനം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തുറമുഖങ്ങൾ കോവളം-വിഴിഞ്ഞം, കൊല്ലം-അഴിക്കൽ, ബേപ്പൂർ എന്നിവയാണ്. ആദ്യത്തെ ലോജിസ്റ്റിക്സ് തന്നെ ഈ തീരങ്ങളിലെത്തുന്നതിനും അതിന്റെ അനുബന്ധ സംവിധാനങ്ങളും ഈ തുറമുഖങ്ങളിൽ ഉടൻതന്നെ ഏർപ്പെടുത്തുന്നതാണ്. നിയമസഭാ സമ്മേളനം അവസാനിച്ചാൽ സംസ്ഥാന സർക്കാരിന്റെ ഒരു ടീം ഈ തുറമുഖങ്ങൾ സന്ദർശിച്ച് അവിടെയുള്ള കുറവുകൾ മനസ്സിലാക്കി അടിയന്തരമായി ആ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഈ വർഷം തന്നെ ക്രൂയിസ് ഷിപ്പിങ്ങും ലോജിസ്റ്റിക്സും ആരംഭിക്കാനാണ് ആഗ്രഹിക്കുന്നത്. അതിനുള്ള പ്രാരംഭ നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. വളരെ വേഗത്തിൽ അതിനുള്ള നടപടികൾ പൂർത്തിയാക്കും.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, വികസനത്തിന് ഇരകൾ ഉണ്ടാകാൻ പാടില്ല എന്നുള്ള അങ്ങയുടെ അഭിപ്രായം തീർച്ചയായും സ്വാഗതാർഹമാണ്. ഇവിടെ അങ്ങ് ഉത്തരത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ 475 കോടി രൂപയുടെ ഒരു സമഗ്ര പുനരധിവാസ പാക്കേജാണ് 2015-ൽ ഉമ്മൻചാണ്ടി സർക്കാർ വിഴിഞ്ഞത്തെ വികസന പദ്ധതിയുടെ ഇരകൾക്കുവേണ്ടി നീക്കിവച്ചിരുന്നത്. പക്ഷെ നാളിതുവരെ 114 കോടി രൂപ അതായത് 25 ശതമാനത്തിൽ താഴെയുള്ള തുക മാത്രമാണ് കഴിഞ്ഞ പത്ത് വർഷക്കാലമായി ചെലവഴിച്ചത്. അപ്പോൾ പുനരധിവാസം ഇനിയും പൂർത്തീകരിക്കപ്പെടാനുണ്ടെന്നത് യാഥാർഥ്യമാണ്. മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ആജീവനാന്തമുള്ള ഉപജീവനമാർഗം നഷ്ടപ്പെടുന്നതിന്റെ ഭാഗമായി അഞ്ച് ലക്ഷം രൂപയാണ് നൽകുന്നത്. ഈ തുക തീരെ അപര്യാപ്തമാണ്. അത് പരിശോധിച്ച് അവർക്ക് കൂടുതൽ നഷ്ടപരിഹാരം നൽകാനുള്ള തീരുമാനം കൈക്കൊള്ളുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, തീർച്ചയായും, പുനരധിവാസ പക്കേജ് എന്ന് പറയുന്നത് ഒരു വഴിപാട് നടപടിയല്ല. ഒരു സ്ഥലത്ത് വികസനം വരുമ്പോൾ അതിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർ തെരുവിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടാനും

ചേരിയിലേയ്ക്കെറിയപ്പെടാനും പാടില്ല. കേരള സമൂഹം പുരോഗമന സമൂഹമാണ്. ഒരു വികസനമുണ്ടാകുമ്പോൾ അതിന്റെ ഇരകൾ ഭൂരഹിതരായി തെരുവിലൂടെ അലയുന്നത് ഒരു സർക്കാരിനും ഭൂഷണമല്ല. അതുകൊണ്ട് അക്കാര്യത്തിൽ പ്രത്യേക പക്കേജും ശ്രദ്ധയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

**ആരോഗ്യകേരളത്തിനായി നടപടികൾ**

3. (*153) ശ്രീ. ജി. ആർ. അനിൽ:

ശ്രീ. പി. പ്രസാദ്:

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ:

ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ അടക്കമുള്ള അപകടകരമായ രോഗങ്ങൾ വീണ്ടും റിപ്പോർട്ട് ചെയ്തിരിക്കുകയാണെന്നതും നിപയ്ക്കൊപ്പം ഷിഗെല്ല, ഡെങ്കി തുടങ്ങിയവയും വ്യാപകമായിട്ടുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അനാരോഗ്യകരമായ ഭക്ഷണശീലം, ശരിയായ വ്യായാമത്തിന്റെ അഭാവം, രോഗപ്രതിരോധശേഷിയിലുണ്ടായ കുറവ്, ജലസ്രോതസുകൾ ഉൾപ്പെടെയുള്ളവയുടെ മലിനീകരണം, കീടനാശിനികളുടെയും രാസവളങ്ങളുടെയും അശാസ്ത്രീയമായ ഉപയോഗം തുടങ്ങി ഒട്ടേറെ കാരണങ്ങൾ കേരളീയരുടെ ആരോഗ്യത്തെ തകർക്കുന്നതിന് കാരണമായെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടിയിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മഴക്കാല പൂർവ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധ നടപടികൾ എന്നിവയിൽ ഈ സർക്കാരിന്റെ കാലയളവിൽ വീഴ്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് കോളറ ബാധ സ്ഥിരീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഗൗരവം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, (എ) സംസ്ഥാനത്ത്

*01-07-2026*
*Question Hour*

2026-ൽ ഒരു നിപ കേസാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഈ വർഷം ജൂൺ 23 വരെ, 241 സ്ഥിരീകരിച്ച ഷിഗെല്ലോസിസ് കേസുകളും 15882 ഡെങ്കി കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ശക്തമായ രോഗനിരീക്ഷണ ശൃംഖലയിലൂടെയും രോഗ പ്രതിരോധ പ്രവർത്തനങ്ങളിലൂടെയും ഈ പകർച്ചവ്യാധികളെ നിയന്ത്രണ വിധേയമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) അനാരോഗ്യകരമായ ഭക്ഷണശീലം, ശാരീരിക വ്യായാമത്തിന്റെ അഭാവം, പുകയില-മദ്യപാനം, മാനസിക സമ്മർദ്ദം, ജലസ്രോതസുകളുടെ ഉൾപ്പെടെയുള്ള പരിസ്ഥിതി മലിനീകരണം, കീടനാശിനികളുടെയും രാസവളങ്ങളുടെയും അശാസ്ത്രീയ ഉപയോഗം തുടങ്ങിയവ കേരളീയരുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

ഇവയുടെ ഫലമായി ജീവിതശൈലീ രോഗങ്ങൾ വർധിക്കുകയും മനുഷ്യ ശരീരത്തിന്റെ രോഗപ്രതിരോധ സംവിധാനം ദുർബലപ്പെടുന്നതുവഴി അണുബാധകളെ പ്രതിരോധിക്കാനുള്ളശേഷി കുറയുകയും ചെയ്യുന്നു. ആയത് നിയന്ത്രിക്കുന്നതിനായി, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കൽ, സ്ഥിരമായ ശാരീരിക പ്രവർത്തനം ഉറപ്പാക്കൽ, പുകയില-മദ്യ ഉപയോഗം കുറയ്ക്കൽ, പരിസ്ഥിതി സംരക്ഷണം ശക്തിപ്പെടുത്തൽ, സുരക്ഷിത കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, രോഗങ്ങളുടെ നേരത്തേയുള്ള കണ്ടെത്തലും തുടർച്ചയായ നിയന്ത്രണവും ഉറപ്പുവരുത്തൽ എന്നിങ്ങനെ രോഗ വ്യാപനം കുറയ്ക്കുന്നതിനും രോഗ പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് സർക്കാർ നടത്തിവരുന്നു.

(സി) മഴക്കാല പൂർവ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധ നടപടികൾ എന്നിവയിൽ ഈ സർക്കാരിന്റെ കാലയളവിൽ വീഴ്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളും അവയുടെ വിവിധ തലങ്ങളിലുള്ള വിലയിരുത്തലും ചുവടെ ചേർക്കും പ്രകാരം നടന്നിട്ടുണ്ട്.

*01-07-2026*
*Question Hour*

- 23-05-2026-ൽ മന്ത്രിതലത്തിൽ അവലോകനയോഗം ചേർന്ന് ആവശ്യമായ നിർദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകി.
- 30-05-2026-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി.
- 16-06-2026-ൽ മന്ത്രിതലത്തിൽ നടത്തിയ അവലോകന യോഗത്തിലെ തീരുമാനപ്രകാരം, കേരളത്തിൽ മഴക്കാലത്തും വേനൽക്കാലത്തും ആവർത്തിച്ചുവരുന്ന പകർച്ചവ്യാധികളെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കാനും കൃത്യമായ പ്രതിരോധ മാർഗ്ഗങ്ങൾ നിർദേശിക്കാനുമായി സർക്കാർ-സ്വകാര്യ മേഖലകളിലെ പ്രഗത്ഭരായ ഡോക്ടർമാരെയും അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സ്ഥാപനതലത്തിലുമുള്ള സമിതികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.
- 17-06-2026-ൽ പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം), അഡീഷണൽ സെക്രട്ടറി (ആരോഗ്യം), സംസ്ഥാനതല ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ സർവലൈൻസ് ഓഫീസർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ അവലോകന യോഗത്തിൽ, ജില്ലാതലത്തിൽ നടത്തിയ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദമായ അവലോകനം നടന്നു. തുടർന്ന് ജില്ലാതലത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാനും ആഴ്ചതോറും ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുവാനും നിർദേശം നൽകി.
- 2026 ജൂൺ 20-ന് ചേർന്ന സംസ്ഥാനതല വിദഗ്ധ ഉപദേശക സമിതി യോഗത്തിൽ സംസ്ഥാനത്തെ പകർച്ചവ്യാധി തയ്യാറെടുപ്പ്, പ്രതിരോധം, നിരീക്ഷണം, നിയന്ത്രണ നടപടികൾ എന്നിവ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുകയും പൊതുജനങ്ങൾ, ആരോഗ്യ പ്രവർത്തകർ, മെഡിക്കൽ വിദഗ്ധർ, സന്നദ്ധ സംഘടനകൾ, മറ്റ് ബന്ധപ്പെട്ട കക്ഷികൾ എന്നിവരിൽനിന്ന് നിർദേശങ്ങളും അഭിപ്രായങ്ങളും

ശിപാർശകളും സ്വീകരിക്കുകയും ചെയ്തു.

- വെള്ളിയാഴ്ച സ്കൂളുകളിലും ശനിയാഴ്ച ഓഫീസുകളിലും ഞായറാഴ്ച വീടുകളിലും സംസ്ഥാന തലത്തിൽ ഡെങ്കിപ്പനിക്കെതിരെ വ്യാപകമായി ഉറവിട നശീകരണ ക്യാമ്പയിൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തിവരുന്നു.
- സീസണൽ രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് തടയുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന ക്യാമ്പസുകളിലും ഒപ്റ്റിമൽ ശുചിത്വം, ഫലപ്രദമായ മാലിന്യ സംസ്കരണം, രോഗാണുക്കളുടെ പ്രജനന കേന്ദ്രങ്ങൾ ഇല്ലാതാക്കൽ എന്നിവ ഉറപ്പാക്കുന്നതിനായി "തുടക്കം" എന്ന പേരിൽ ശുചിത്വ പരിപാടി ആരംഭിച്ചു.

(ഡി) 2026-ൽ സംസ്ഥാനത്ത് ഇതുവരെ കോളറ ബാധ സ്ഥിരീകരിച്ചിട്ടില്ല. എന്നാൽ, കോളറ ഉൾപ്പെടെയുള്ള ജലജന്യരോഗങ്ങളെ പ്രതിരോധിക്കുന്നതിനായി, സ്കൂളുകൾ, അങ്കണവാടികൾ, കല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ ഹാൾ, കാറ്ററിങ് യൂണിറ്റുകൾ, വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ എത്തുന്നയിടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ശുദ്ധജലത്തിന്റെ ലഭ്യത, ഗുണനിലവാരം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണം, കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന എന്നിവ നടത്തിവരുന്നു. ജൂൺ 15 മുതൽ ജൂലൈ 31 വരെ 'സ്റ്റോപ്പ് ഡയറിയ' ക്യാമ്പയിൻ "വയറിളക്ക രോഗങ്ങൾ തടയാം ജീവൻ രക്ഷിക്കാം" എന്ന ആപ്തവാക്യത്തോടെ സംസ്ഥാനത്തുടനീളം നടപ്പാക്കുന്നുണ്ട്. കിണറുകൾ ക്ലോറിനേറ്റ് ചെയ്യുക, തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാനുപയോഗിക്കുക, ഭക്ഷണത്തിനുമുൻപും ശുചിമുറി ഉപയോഗത്തിനുശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക, ആറുമാസം വരെ കുഞ്ഞിന് മുലപ്പാൽ മാത്രം നൽകുക, കുഞ്ഞുങ്ങൾക്ക് സർക്കാർ പട്ടിക പ്രകാരമുള്ള എല്ലാ വാക്സിനുകളും കൃത്യമായി നൽകുക, മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുക തുടങ്ങിയ സന്ദേശങ്ങൾ സമൂഹത്തിൽ ഫലപ്രദമായി നടപ്പാക്കുകയാണ് പ്രസ്തുത ക്യാമ്പയിൻ കൊണ്ട് ലക്ഷ്യമിടുന്നത്.

*01-07-2026*
*Question Hour*

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, നമ്മുടെ സംസ്ഥാനത്ത് ഹരിത കർമ്മ സേന ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഹരിത കർമ്മ സേന ശേഖരിക്കുന്ന പാഴ് വസ്തുക്കൾ ശാസ്ത്രീയമായി സംസ്കരിക്കാതെ കെട്ടിക്കിടക്കുന്ന സ്ഥിതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ക്രാപ്പ് ബിസിനസ് നടത്തുന്ന സ്ഥാപനങ്ങളുടെ പരിസരത്തും തുറസ്സായ സ്ഥലങ്ങളിലും മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നത് കൊതുകുജന്യരോഗങ്ങൾ വർധിപ്പിക്കാൻ ഇടയാക്കുന്നുണ്ട്. ഇത് തടയുവാൻ തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. ഹരിതകർമ്മ സേന മികച്ച സേവനമാണ് നടത്തുന്നത്. ഹരിതകർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചത് ഞാൻ എം.എൽ.എ. ആയിരുന്ന കാലത്ത് കുടപ്പനക്കുന്ന് കൃഷി ഓഫീസിനോടനുബന്ധിച്ചായിരുന്നു. ഇന്നത് സംസ്ഥാനം മുഴുവൻ വ്യാപിച്ചിട്ടുണ്ട്. ഹരിതകർമ്മ സേന മാലിന്യശേഖരണ പ്രവർത്തനം കാര്യക്ഷമമായി നിർവഹിച്ചുവരുന്നുണ്ട്. എന്നാൽ ഇന്ന് നേരിടുന്ന പ്രധാന പ്രയാസം ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ സംസ്കരണ യൂണിറ്റുകളുടെ അഭാവമാണ്. മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ബന്ധപ്പെട്ട പ്രദേശങ്ങളിലുള്ള ജനങ്ങൾ ഒറ്റക്കെട്ടായി അതിനെ എതിർക്കുന്ന സാഹചര്യമാണ് പലപ്പോഴുമുള്ളത്. ഇതുമൂലം ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പ്രയാസം നേരിടുന്നത് വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ രാഷ്ട്രീയ വ്യത്യാസമില്ല. ഞാൻ മുമ്പ് എം.എൽ.എ. ആയിരുന്ന സമയത്ത് ഒരു പ്രദേശത്ത് മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി ഫണ്ട് അനുവദിച്ചെങ്കിലും അത് ചെലവഴിക്കാൻ കഴിഞ്ഞില്ല. കാരണം, മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വാർത്ത വന്നപ്പോൾത്തന്നെ ശക്തമായ എതിർപ്പുണ്ടായി. മാലിന്യ സംസ്കരണത്തിൽ നാം നേരിടുന്ന ഏറ്റവും വലിയ പ്രയാസം ഇതാണ്. ഏതായാലും മാലിന്യ സംസ്കരണത്തിന് ശക്തമായ നടപടികൾ സ്വീകരിക്കുകയു് പുതിയ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യും. മുമ്പ് വിളപ്പിൽശാലയിലുണ്ടായിരുന്ന മാലിന്യ

സംസ്കരണശാലയെക്കുറിച്ചുണ്ടായ പരാതിയെത്തുടർന്നാണ് ഇത്രയും എതിർപ്പുണ്ടായത്. ആ കാലഘട്ടം മാറിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി ധാരാളം മോഡേൺ എക്വിപ്മെന്റ്സ് ഇപ്പോൾ ലഭ്യമാണ്. മാലിന്യ സംസ്കരണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതോടൊപ്പംതന്നെ ആരോഗ്യം, തദ്ദേശസ്വയംഭരണം, ജലവിഭവം, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തോടെ ശക്തമായ രോഗപ്രതിരോധ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. ജി. ആർ. അനിൽ: സർ, കോളറ പോലുള്ള ജലജന്യരോഗങ്ങൾ കേരളത്തിൽ വളരെയധികം റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പത്രങ്ങൾ എല്ലാംതന്നെ വാർത്ത നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ അതിന്റെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട ജല പരിശോധന എത്രകണ്ട് നടപ്പിലായെന്നും അതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള വിവരങ്ങളും വ്യക്തമാക്കാമോ?

ശ്രീ. കെ. മുരളീധരൻ: സർ, ആരോഗ്യവകുപ്പ് പരിശോധന വ്യാപകമാക്കിയിട്ടുണ്ട്. രോഗം വരുമ്പോൾ അത് മറച്ചുവച്ചിട്ട് കാര്യമില്ല, പ്രതിരോധിക്കാനുള്ള മാർഗങ്ങളാണ് സ്വീകരിക്കേണ്ടത്. സംസ്ഥാനത്ത് കോളറ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ജനുവരി 1-ാം തീയതി മുതൽ ജൂൺ 30-ാം തീയതി, അതായത് ഇന്നലെ വരെയുള്ള കണക്കുകൾ പ്രകാരം ഡെങ്കിപ്പനി ബാധിച്ചവരുടെ 17900 കേസുകൾ റിപ്പോർട്ട് ചെയ്യുകയും 36 മരണം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. മലമ്പനി 432 കേസുകളും 3 മരണങ്ങളും, എലിപ്പനി- 1676 കേസുകളും 66 മരണവും, വയറിളക്കം- 326000 കേസുകളും 7 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഷിഗെല്ല- 281 കേസുകൾ 7 മരണവും റിപ്പോർട്ട് ചെയ്തു. ഇൻഫ്ലുവൻസ/എച്ച്1 എൻ1 ബാധയെത്തുടർന്ന് 4 പേരും പനി ബാധിച്ച് 4 പേരും മരണപ്പെട്ടിട്ടുണ്ട്. ഇതാണ് ഇന്നലെ വരെയുള്ള കണക്ക്.

ശ്രീ. പി. പ്രസാദ്: സർ, അങ്ങ് നേരത്തെ ചില രോഗങ്ങളെല്ലാം കൂടുന്നു എന്നതിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. 2016 മുതൽ 2023 വരെയുള്ള കാലയളവിൽ അമീബിക് മസ്തിഷ്കജ്വരം പോലുള്ള രോഗങ്ങളുടെ 8 കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ 2024-ൽ 36 ഉം 2025-ൽ ഏകദേശം 201-ഉം 2026 ജൂൺ 12 വരെ

133 കേസുകളും റിപ്പോർട്ട് ചെയ്യപ്പെട്ടു. മഴക്കാലം എത്തുമ്പോൾത്തന്നെ ജനങ്ങളുടെ ആശങ്ക വർധിക്കുകയാണ്. മഴക്കാലം രോഗങ്ങളുടെ കാലമായി മാറിയിരിക്കുകയാണ്. ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ നടത്താൻ ഒരു പ്രോട്ടോക്കോൾ തയ്യാറാക്കുമോ; അതോടൊപ്പംതന്നെ ഗ്രാമസഭകൾ വളരെ ശക്തമായി പ്രവർത്തിക്കുന്ന കേരളത്തിൽ ജനപ്രതിനിധികളെയും ആരോഗ്യ മേഖലയിലെ ആളുകളെയും ഉൾപ്പെടുത്തി 'ആരോഗ്യ ഗ്രാമസഭകൾ' രൂപീകരിച്ച് ഒരോ പഞ്ചായത്ത്/വാർഡുകളിലും ഇടപെടാൻ കഴിയുന്ന തരത്തിലുള്ള പദ്ധതികളുണ്ടാകുമോ; ജലത്തിൽ കക്കൂസ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരിൽനിന്നും ചെറിയ ഫൈൻ മാത്രം ഈടാക്കുന്നതിന് പകരം കേരള ജലസേചന-ജലസംരക്ഷണ നിയമത്തിലെയും കേരള പൊതുജനാരോഗ്യ നിയമത്തിലെയും വകുപ്പുകൾ പ്രകാരം non-bailable offence ചുമത്തുന്നതിനുള്ള ഇടപെടൽ നടത്തുമോ?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുപോലും പകർച്ചവ്യാധികളുടെ എണ്ണം വർധിക്കുന്ന സാഹചര്യം കേരളത്തിലുണ്ട്. ഇതിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള വിദഗ്ധ ഡോക്ടർമാരുടെ ഒരു പാനൽ രൂപീകരിച്ച് റിസർച്ച് നടത്തുകയും അവർ ചില വിലപ്പെട്ട നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും അവർ നിർദേശിച്ചിട്ടുള്ളത് ശുചീകരണ പ്രവർത്തനങ്ങളാണ്. ഷിഗെല്ലോസിസ്-ന്റെ മുഖ്യമായ കാരണം വെള്ളത്തിൽക്കൂടി പടരുന്ന ഒരു ബാക്ടീരിയയാണ്. ആദ്യമായി ഇത് റിപ്പോർട്ട് ചെയ്തത് സുൽത്താൻ ബത്തേരിയിലെ നെന്മേനി എൽ.പി. സ്കൂളിലാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഐ. സി. ബാലകൃഷ്ണനൊപ്പം ഞാൻ സ്ഥലം സന്ദർശിച്ചിരുന്നു. അവിടെ ഒരു കിണറിൽ മുഴുവൻ ബാക്ടീരിയ കലർന്നിരിക്കുന്നതായാണ് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്. അവിടെ 21 കുട്ടികൾക്ക് ഈ രോഗം ബാധിച്ചെങ്കിലും ഭാഗ്യവശാൽ ഒരു കുട്ടിക്കും മരണം സംഭവിച്ചില്ല. ഇങ്ങനെയുള്ള പല കേസുകളുമുണ്ട്. അതുകൊണ്ടാണ് സംസ്ഥാന ആരോഗ്യവകുപ്പ് ആഴ്ചയിൽ മൂന്ന് ദിവസങ്ങളിലായി ഡ്രൈ ഡേ ആചരിക്കാൻ തീരുമാനിച്ചത്. വെള്ളിയാഴ്ച വിദ്യാലയങ്ങളിലും, ശനിയാഴ്ച സർക്കാർ

ഓഫീസുകളിലും ഞായറാഴ്ച സ്വന്തം വീടുകളിലും ഡ്രൈ ഡേ ആചരിക്കണം. വീടുകളിൽ കൂടിക്കിടക്കുന്ന മാലിന്യങ്ങൾ, ചെടി നനയ്ക്കുമ്പോൾ കെട്ടിക്കിടക്കുന്ന വെള്ളം എന്നിവ നീക്കം ചെയ്യുകയും കൊതുകിനെ പൂർണ്ണമായി ഇല്ലാതാക്കുകയും ചെയ്യണം. മഴക്കാലത്ത് നടക്കുന്ന ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, നിയോജകമണ്ഡലങ്ങളിൽ എം.എൽ.എ.-മാരുടെയും കോർപ്പറേഷൻ വാർഡുകളിലും പഞ്ചായത്തുകളിലും വാർഡ് മെമ്പർമാരുടെയും നേതൃത്വത്തിൽ കമ്മിറ്റികളുണ്ടാക്കി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, കാസർഗോഡ് ജില്ലയിൽ മതിയായ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് പരിഹാരം ഉണ്ടാകുമോ?

ശ്രീ. കെ. മുരളീധരൻ: സർ, എല്ലാ ജില്ലകളിലും അത്യാവശ്യം വേണ്ട ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫുകളുടെയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് നിയമിക്കുന്നതാണ്. ഇന്നലെ ഇതുസംബന്ധിച്ച് ചർച്ച വന്നതാണ്. സ്റ്റാഫ് പാറ്റേൺ മാറ്റുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കേരളത്തിൽ വിവിധ ഘട്ടങ്ങളിലായി പത്തൊൻപതിനായിരത്തോളം ആളുകൾക്ക് പനി ബാധിച്ചതായും ഒരു മാസത്തിനുള്ളിൽത്തന്നെ നൂറോളം ആളുകൾ മരണപ്പെട്ടതായും വാർത്ത വന്നിരുന്നു. ഇതിൽ ഡെങ്കിപ്പനി, ഷിഗെല്ലോസിസ് അടക്കമുള്ള പല അസുഖങ്ങളുമുണ്ട്. പക്ഷേ അമീബിക് മസ്തിഷ്കജ്വരം (അമീബിക് മെനിഞ്ചോ എൻസഫലൈറ്റിസ്) എന്ന അസുഖത്തിന്റെ വ്യാപനരീതിയിൽ മാറ്റം വന്നതായി കാണുന്നു. കുളങ്ങളിലും പുഴകളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽനിന്നാണ് നേരത്തെ ഈ അസുഖം ബാധിച്ചിരുന്നതെങ്കിൽ ഇപ്പോൾ കിണർ വെള്ളത്തിൽക്കൂടിയും ഇത് ബാധിക്കുന്നു. മുഖം കഴുകിയാൽപ്പോലും ഈ അസുഖം വരുന്നുവെന്നാണ് പറയുന്നത്. നേരത്തെ കുട്ടികൾക്കാണ് ഇത് വന്നിരുന്നതെങ്കിൽ ഇപ്പോൾ മുതിർന്ന ആളുകളെയും ബാധിക്കുന്നുണ്ട്. ഏത് കിണറുകളിലും ഇത് ഉണ്ടാകാനുള്ള

സാധ്യതയുണ്ട്. അത് പ്രതിരോധിക്കാൻ പ്രത്യേകമായി എന്തെങ്കിലും സംവിധാനം ചെയ്തിട്ടുണ്ടോ; ആളുകളുടെ ഭീതി മാറ്റാനും ഇനി ഇത് വരാതിരിക്കാനും വേണ്ടിയുള്ള ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. മുരളീധരൻ: സർ, കിണറുകളിലും കുളങ്ങളിലും ബാക്ടീരിയയുടെ സാന്നിധ്യമുണ്ടാകുന്നുണ്ട്. അതുകൊണ്ട് പരിശോധന കൂടുതൽ ശക്തമാക്കാനുള്ള നിർദേശം കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ എല്ലായിടത്തും ശക്തമായ പരിശോധന നടത്തണമെന്ന് ഫുഡ് സേഫ്റ്റി വിഭാഗത്തിന് നിർദേശം നൽകിയിട്ടുണ്ട്. ഹോട്ടലുകളിൽ തിളപ്പിച്ചാറ്റിയ കുടിവെള്ളം കൊടുക്കണമെന്നാണ് നിയമം. എന്നാൽ ഗ്യാസ് ക്ഷാമം പറഞ്ഞ് ചില ഹോട്ടലുകാർ തിളപ്പിക്കാത്ത, ബാക്ടീരിയ കലർന്ന വെള്ളമാണ് കൊടുക്കുന്നത്. ഗ്യാസ് ക്ഷാമം ഇല്ലെങ്കിലും പല ഹോട്ടലുകളും തിളപ്പിച്ചാറ്റിയ വെള്ളം കൊടുക്കുന്നില്ല. ഇത് ശ്രദ്ധയിൽപ്പെടുന്ന ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, വൃത്തിഹീനമായ തട്ടുകടകൾ എന്നിവയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. കുളങ്ങളിലെ വെള്ളം പരിശോധിക്കാനും അതിൽ ബാക്ടീരിയയുടെ സാന്നിധ്യമുണ്ടെങ്കിൽ പരിഹരിക്കാനുമുള്ള നിർദേശങ്ങളും നൽകിയിട്ടുണ്ട്.

ശ്രീ. കെ. ജയന്ത്: സർ, നിപ ആദ്യമായി റിപ്പോർട്ട് ചെയ്തത് എന്റെ ജില്ലയായ കോഴിക്കോടാണ്. തുടർന്ന് പല തവണയും അവിടെ നിന്ന് നിപ രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നേരത്തെ നിപ കൈകാര്യം ചെയ്തിരുന്ന രീതിയും അങ്ങ് ചെയ്യുന്ന രീതിയും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ഒരു പ്രദേശമാകെ കൊട്ടിയടച്ച് രാഷ്ട്രീയ നേതൃത്വം മുന്നിൽ നിന്നായിരുന്നു നേരത്തെ നിപയെ പ്രതിരോധിച്ചിരുന്നതെങ്കിൽ അങ്ങയുടെ രീതി ആരോഗ്യ വിദഗ്ദരെ മുന്നിൽ നിർത്തി ആ പ്രദേശത്തെ സാധാരണക്കാരുടെ ജീവിതത്തിന് തടസ്സമില്ലാത്ത രീതിയിലാണ്. ഏതായാലും കോഴിക്കോട് ഇപ്പോൾ ഉണ്ടായ നിപ കേസ് outburst ചെയ്യപ്പെട്ടിട്ടില്ല. നിപ പോസിറ്റീവായ ഏക വ്യക്തി ഇപ്പോഴും ചികിത്സയിലാണ്. എന്റെ ചോദ്യം, അങ്ങ് ഈ വിഷയത്തിൽ ഏതുരീതിയാണ് തുടരാൻ ആഗ്രഹിക്കുന്നത്?

ശ്രീ. കെ. മുരളീധരൻ: സർ, രോഗങ്ങൾ റിപ്പോർട്ട് ചെയ്താൽ അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി അതിനെ പ്രതിരോധിക്കുകയെന്നുള്ളതാണ്

സർക്കാരിന്റെ നയം. ടെസ്റ്റുകളുടെ എണ്ണം കൂട്ടാൻ തീരുമാനിച്ചത് രോഗങ്ങളുടെ ശരിയായ കണക്ക് അറിയാൻ വേണ്ടിയാണ്. രോഗം അറിഞ്ഞുവേണം ചികിത്സിക്കാൻ, അല്ലാതെ ചികിത്സിച്ചാൽ രോഗി മരണപ്പെടും. അതുകൊണ്ട് എന്തൊക്കെ അസുഖങ്ങളുണ്ടെന്നുള്ളത് സംബന്ധിച്ച് വ്യക്തമായ ടെസ്റ്റ് നടത്തി അതിന്റെ കണക്ക് ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ ഇടാൻ നിർദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ചാണ് എല്ലാ ദിവസത്തെയും കണക്കുകൾ ഒരു തുറന്ന പുസ്തകംപോലെ ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. രോഗത്തെ പ്രതിരോധിക്കുക എന്നുള്ളതാണ് നമ്മുടെ ചുമതല. ഒരു രോഗം വന്നാൽ ആ രോഗത്തെ ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. ഞാൻ അഭിമാനത്തോടെ പറയുകയാണ്, ഇക്കാര്യത്തിൽ ഡോക്ടർമാർ മുതൽ താഴെയുള്ള ശിപ്പായിമാർ വരെ സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ആ രീതിയിൽ മുന്നോട്ട് പോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

## വ്യോമയാന മേഖലയുടെ വികസനം

*154 ശ്രീ. ഷിബു തെക്കുംപുറം:

ശ്രീ. അപു ജോൺ ജോസഫ്:

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യോമയാന മേഖലയുടെ സമഗ്ര വികസനത്തിനായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ദക്ഷിണേന്ത്യയിലെ ഏവിയേഷൻ ഹബ്ബായി സംസ്ഥാനത്തെ മാറ്റത്തക്കവിധത്തിലുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ഡി) കണക്റ്റിവിറ്റിയും പ്രകൃതിദുരന്ത വേളകളിലെ ഉപയോഗവും കണക്കിലെടുത്ത് ചെറുവിമാനങ്ങളുടെയും ഹെലികോപ്റ്ററുകളുടെയും പ്രവർത്തനം സാധ്യമാക്കുംവിധം ഹൈറേഞ്ച് പ്രദേശങ്ങളിൽ ഹെലിപാഡുകൾ, എയർ സ്ട്രിപ്പുകൾ, അഡ്വാൻസ്ഡ് ലാൻഡിങ്

ഗ്രൗണ്ടുകൾ എന്നിവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ,

(എ&ബി) സംസ്ഥാനത്തിന്റെ വർധിച്ചുവരുന്ന വ്യോമയാന ആവശ്യകത, കയറ്റുമതി-ലോജിസ്റ്റിക്സ് വിനോദസഞ്ചാര മേഖലകളിലെ സാധ്യതകൾ എന്നിവ കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളെയും കേന്ദ്രീകരിച്ച് കേരളത്തെ ഏഷ്യയിലെ പ്രധാന ഏവിയേഷൻ-ലോജിസ്റ്റിക്സ് ഹബ്ബായി വികസിപ്പിക്കുന്നതിനുള്ള വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിമാന അറ്റകുറ്റപ്പണി-പരിപാലന മേഖലയെ ശക്തിപ്പെടുത്തും സിമുലേറ്റർ അധിഷ്ഠിത പൈലറ്റ് പരിശീലന കേന്ദ്രങ്ങൾ, DGCA മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള വിമാന പരിപാലന എഞ്ചിനീയറിങ് പരിശീലന-നൈപുണ്യ വികസന സംവിധാനങ്ങൾ എന്നിവയും വിമാനത്താവള കേന്ദ്രീകൃത സാമ്പത്തിക മേഖലകളുടെ രൂപീകരണത്തിനും സാമ്പത്തിക വളർച്ചയ്ക്കും പ്രധാന്യം നൽകി വിവരസാങ്കേതികവിദ്യ-വിവരസാങ്കേതിക സേവന മേഖലകൾ (IT/ITES), ഗ്ലോബൽ കേപബിലിറ്റി സെന്ററുകൾ (GCC), ഹോസ്പിറ്റാലിറ്റി, വ്യോമയാന അനുബന്ധ വ്യാപാര-സേവന മേഖലകൾ എന്നിവ ഉൾക്കൊള്ളുന്ന എയ്റോപാർക്ക്, എയ്റോസിറ്റി പദ്ധതികളും നടപ്പിലാക്കും. ഇതുമായി ബന്ധപ്പെട്ട് ഒരു വ്യോമയാന നയം പ്രഖ്യാപിക്കും. കാർഷിക, മത്സ്യ, ഫാർമ മേഖലകളിലെ കയറ്റുമതി ശക്തിപ്പെടുത്തുന്നതിനായി സംയോജിത പാക്ക്ഹൗസ് (Pack House) സൗകര്യവും ഫാർമ-കാർഗോ സൗകര്യങ്ങളും വികസിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ലോജിസ്റ്റിക്സ് പാർക്കുകൾ, ഫ്രീ ട്രേഡ് വെയർഹൗസ് സോണുകൾ എന്നിവ ഉൾപ്പെടുന്ന അനുബന്ധ വികസന പദ്ധതികളും ആവിഷ്കരിക്കും. കൊച്ചിൻ എയർപോർട്ടിനോട് അനുബന്ധമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗ്ലോബൽ കൺവെൻഷൻ സെന്റർ ആരംഭിക്കുന്നതാണ്.

(സി) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് 2023 ഏപ്രിൽ 13-ന് സൈറ്റ് ക്ലിയറൻസും 20 മെയ് 2024-ന്

സുരക്ഷാ അനുമതിയും കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിൽനിന്ന് 2023 ജൂൺ 30-ന് ഡിഫൻസ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ 1001.873 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 26.04.2025-ന് LARR Act 2013 ലെ 11(1) വകുപ്പ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.

കൂടാതെ, പദ്ധതിയുടെ തത്വത്തിലുള്ള അംഗീകാരത്തിനായുള്ള (ഇൻ-പ്രിൻസിപ്പിൾ) അപേക്ഷ DPR സഹിതം കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുവദിച്ച നിബന്ധനകൾക്കനുസൃതമായി തയ്യാറാക്കിയ Terms of Reference അനുസരിച്ചുണ്ടാക്കിയ Environmental Impact Assessment-ന്റെയും Environment Management Plan-ന്റെയും അടിസ്ഥാനത്തിൽ പാരിസ്ഥിതിക അനുമതിക്ക് (Environmental Clearance) വേണ്ടിയുള്ള പബ്ലിക് ഹിയറിങ് 17-02-2026-ന് നടന്നു. പാരിസ്ഥിതിക അനുമതി നേടാനുള്ള EIA റിപ്പോർട്ട് 07-03-2026-ന് സമർപ്പിക്കുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിന് ഒരു പുതിയ സ്പെഷ്യൽ തഹസിൽദാർ ഉൾപ്പടെ 24 തസ്തികകളുള്ള ഒരു എൽ. എ (ലാൻഡ് അക്വിസിഷൻ) യൂണിറ്റ് ഒരു വർഷത്തേക്ക് രൂപീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

(ഡി) സംസ്ഥാനത്തെ വ്യോമയാന കണക്ടിവിറ്റിയും പ്രകൃതിദുരന്ത വേളകളിലെ അടിയന്തര ഗതാഗത ആവശ്യങ്ങളും പരിഗണിച്ച് ചെറുവിമാനങ്ങളുടെയും ഹെലികോപ്റ്ററുകളുടെയും പ്രവർത്തനം സാധ്യമാക്കുന്നതിനായി ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി പഠനം നടത്തിവരുന്നു. ഇതിനായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KRDCL) പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും തുടർന്ന് ടെൻഡർ നടപടികളിലൂടെ RITES- KIIFCON സംയുക്ത സംരംഭത്തെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി സ്പെഷ്യൽ അസ്സിസ്റ്റൻസ് ടു സ്റ്റേറ്റ്സ് ഫോർ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് (SASCI) ഫണ്ട് ഉപയോഗിച്ച് വയനാട് ജില്ലയിൽ 5

ഹെലിപ്പാഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ശ്രീ. ഷിബു തെക്കുംപുറം: സർ, ഏവിയേഷൻ ഹബ് പദ്ധതിയിലൂടെ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സംസ്ഥാനത്തെ എഞ്ചിനീയറിങ് കോളേജുകളിലും പോളിടെക്നിക്കുകളിലും അനുബന്ധ കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, നേരത്തെ സ്പോർട്സ് സിറ്റിയുമായി ബന്ധപ്പെട്ട് പറഞ്ഞതുപോലെയാണ് നമ്മുടെ ഏവിയേഷൻ പോളിസിയും. ഇത് നമ്മുടെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനും ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരുന്നതിനും ഇക്കോണമിക് അക്റ്റിവിറ്റി ഉത്തേജിപ്പിക്കുന്നതിനും അക്കാദമിക്കായ പ്രൊഗ്രാമുകൾ കൊണ്ടുവരുന്നതിനും വേണ്ടിയുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട ഒരുപാട് കോഴ്സുകൾ തുടങ്ങാൻ സാധിക്കും. നമുക്ക് പൈലറ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ സാധിക്കും. ഹെലികോപ്റ്റർ പൈലറ്റുമാരുടെ കുറവ് ലോകത്തെല്ലായിടത്തുമുണ്ട്. അതിനാൽ ഹെലികോപ്റ്റർ പൈലറ്റുമാരെ പരിശീലിപ്പിക്കാനുള്ള കേന്ദ്രമുണ്ടാക്കും. സിമുലേറ്റർ അധിഷ്ഠിതമായ പരിശീലന ക്രമങ്ങളാണ് തുടങ്ങുന്നത്. അതുമായി ബന്ധപ്പെട്ട ധാരാളം അക്കാദമിക് പ്രൊഗ്രാമുകൾക്കുള്ള സാധ്യത ഈ ഏവിയേഷൻ പോളിസിയിൽ ഉറപ്പായുമുണ്ടാകും.

ശ്രീ. ഷിബു തെക്കുംപുറം: സർ, ഏവിയേഷൻ ഹബ് പദ്ധതിയുടെ ഭാഗമായി കാർഷിക, മത്സ്യ, ഫാർമ മേഖലകൾക്കായുള്ള പായ്ക്ക്ഹൗസ് (Pack House)-കൾ വിമാനത്താവളങ്ങൾ സ്ഥിതി ചെയ്യുന്ന നഗരങ്ങൾക്കൊപ്പം തൊട്ടടുത്തുള്ള കോതമംഗലം പോലെയുള്ള അനുബന്ധ നഗരങ്ങളിൽക്കൂടി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ചെറിയ സംസ്ഥാനമായ കേരളത്തിൽ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളുണ്ട്. അതിനെ കേരളത്തിന്റെ വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്തണം. ഒരു പ്രദേശം മാത്രമല്ല വലിയ ഏരിയതന്നെ വികസിക്കുന്നതിനുള്ള സാധ്യതകളുണ്ട്. കാർഷിക മേഖലയ്ക്ക് അതിന്റെ ഗുണഫലമുണ്ടാകും. കാരണം കാർഷികമേഖലയിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങൾ വളരെ ചെലവ് കുറഞ്ഞ രീതിയിൽ കയറ്റുമതി ചെയ്യാനുള്ള സൗകര്യമുണ്ടാകും. കാർഷിക മേഖലയിലും മത്സ്യമേഖലയിലും അതിന്റെ മാറ്റവുമുണ്ടാകും. ഫാർമസ്യൂട്ടിക്കൽ രംഗത്തും ഉൽപാദന

സംരംഭങ്ങളുണ്ടാകും. ഒരുപാട് മേഖലകളെ നമുക്ക് ഇതുമായി ബന്ധപ്പെടുത്തി വികസിപ്പിക്കാൻ സാധിക്കും. കഴിഞ്ഞ ദിവസം ബഹു. വ്യവസായ വകുപ്പുമന്ത്രി ദുബായ് എയർപോർട്ടിനെക്കുറിച്ച് സൂചിപ്പിച്ചു. ദുബായ് എമിറേറ്റ്സിന്റെ ജി.ഡി.പി.-യുടെ 28 ശതമാനം സംഭാവന ചെയ്യുന്നത് ദുബായ് എയർപോർട്ടാണ്. ബാംഗ്ലൂർ അന്താരാഷ്ട്ര എയർപോർട്ട് വളരെ പ്രധാനപ്പെട്ട വിമാനത്താവളമാണ്. അവർ ഡൊമസ്റ്റിക്/ഇന്റർനാഷണൽ എയർപോട്ട് വികസിപ്പിച്ച് കർണ്ണാടകയുടെ ജി.ഡി.പി.-യിലേയ്ക്ക് 4 മുതൽ 5 ശതമാനം വരെ സംഭാവന ചെയ്യുന്നതിനുള്ള സാധ്യതകൾ കണ്ടെത്തി. നമ്മുടെ എല്ലാ പോർട്ടുകളും അതിനെക്കാൾ കൂടുതൽ സാധ്യതകളുള്ളതാണ്. തിരുവനന്തപുരത്തും കൊച്ചിയിലും സീ പോർട്ട് ഉണ്ട്. അതുപോലെ കോഴിക്കോട്ടെ കരിപ്പൂർ എയർപോർട്ടും മലബാറിലെ കണ്ണൂർ എയർപോർട്ടും അത്തരത്തിൽ വികസിപ്പിച്ചാൽ കോതമംഗലം ഉൾപ്പെടെയുള്ള കിഴക്കൻ പ്രദേശങ്ങളിലെ മലയോരമേഖലയെയും കാർഷിക മേഖലയെയും അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉപയോഗപ്പെടുത്താൻ സാധിക്കും.

ശ്രീ. അപു ജോൺ ജോസഫ്: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ച ഏവിയേഷൻ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഫ്ലൈയിങ് ക്ലബുകൾ, സിമുലേറ്റർ അധിഷ്ഠിത പരിശീലനം എന്നീ ആശയങ്ങളെ സ്വാഗതം ചെയ്യുന്നു. ഇവ സംസ്ഥാനത്തിന് വളരെയേറെ പ്രയോജനപ്പെടുന്നതാണ്. CAE, Simaero എന്നീ രണ്ട് കമ്പനികൾ ഇന്ത്യയിൽ ഏതാണ്ട് 100 മില്യൺ ഡോളർ ഈ വർഷം നിക്ഷേപിക്കാൻ പോകുകയാണെന്ന വാർത്ത കണ്ടിരുന്നു. ഇവരുമായി ബന്ധപ്പെടുന്നതിനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഈ മേഖലയിൽ നിക്ഷേപം നടത്താൻ സാധിക്കുന്ന ഒരുപാട് സ്ഥാപനങ്ങൾ വരുന്നുണ്ട്. അവരുടെ വിശ്വാസ്യത, പശ്ചാത്തലം, അതിന്റെ നടപടിക്രമങ്ങൾ, അതിന്റെ ഇക്കണോമിക് മോഡലുകൾ തുടങ്ങിയ എല്ലാ കാര്യങ്ങളും പരിശോധിച്ച് ഏറ്റവും പ്രമുഖരായ കമ്പനികളെ/നിക്ഷേപിക്കാൻ തയ്യാറായി വരുന്നവരെ പരിഗണിക്കും. ഈ രംഗത്ത് എക്സ്പീരിയൻസുള്ള സിംഗപ്പൂർ എയർപോർട്ടുമായി ബന്ധപ്പെട്ട കമ്പനികൾ വന്നിട്ടുണ്ട്. ചാങ്ങി എയർപോർട്ടുമായി ബന്ധപ്പെട്ടുള്ള ആശയങ്ങൾ വന്നിട്ടുണ്ട്. ഗ്ലോബൽ ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്നത് ചാങ്ങി എയർപോർട്ടുമായി

ബന്ധപ്പെട്ട സംവിധാനമാണ്. അതിന് സമാനമായി കൊച്ചി എയർപോർട്ടിനോട് അനുബന്ധിച്ച് ഗ്ലോബൽ ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ ആരംഭിക്കുമെന്ന് ബജറ്റിൽ പറഞ്ഞിട്ടുണ്ട്. ചാങ്ങി എയർപോർട്ടിലെ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ച് ഡോക്ടർമാരുടെ ഒരു അന്താരാഷ്ട്ര കോൺഫറൻസ് നടത്തിയാൽ അതിൽ പങ്കെടുക്കാൻ വിസ ആവശ്യമില്ല. കാരണം അത് എയർപോർട്ടിന്റെ ഭാഗമായാണ് ചെയ്തിരിക്കുന്നത്. എയർപോർട്ടിൽ വന്നിറങ്ങുന്നവർക്ക് ഈ കൺവെൻഷൻ സെന്ററിലെ കോൺഫറൻസിൽ പങ്കെടുത്ത് തിരിച്ചുപോകാം. പക്ഷെ എയർപോർട്ടിൽനിന്ന് പുറത്തേയ്ക്ക് പോകണമെങ്കിൽ വിസ വേണം. അങ്ങനെയുള്ള പല സൗകര്യങ്ങളും പലവിധ സംവിധാനങ്ങളും ഒരുക്കി വിവിധ ലോക രാജ്യങ്ങളും വിമാനത്താവളങ്ങളും നിക്ഷേപം കൊണ്ടുവരുന്നതിനുള്ള മത്സരത്തിലാണ്. തീർച്ചയായും നമ്മുടെ സാധ്യതകളും നേട്ടങ്ങളും പ്രയോജനപ്പെടുത്തി സംസ്ഥാനത്തിന് ഗുണകരമായ രീതിയിലുള്ള നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കും.

<u>ശ്രീ. വിനു ജോബ് കുഴിമണ്ണിൽ</u>: സർ, വിദേശ മലയാളികൾ, പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവർ കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ്. പക്ഷെ പല എയർ ഫ്ലൈറ്റ് കമ്പനികളും ഉത്സവ സീസണുകളിലുംമറ്റും ടിക്കറ്റ് ചാർജ്ജ് അന്യായമായി വർധിപ്പിച്ചുകൊണ്ട് വിദേശ മലയാളികളെ ചൂഷണം ചെയ്യുന്നത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇതിന് പരിഹാരമായി നമുക്ക് സ്വന്തമായി എയർ ഫ്ലൈറ്റ് ആരംഭിക്കുകയോ അല്ലെങ്കിൽ ഇവർക്കുവേണ്ടി ചാർട്ടേർഡ് ഫ്ലൈറ്റ് ആരംഭിക്കുകയോ ചെയ്യാൻ സാധിക്കുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇത് ഗൗരവതരമായ വിഷയമാണ്. നമ്മുടെ സംസ്ഥാനവും സംസ്ഥാനത്തുനിന്നുള്ള എം.പി.-മാരും പാർലമെന്റിലും അധികാര കേന്ദ്രങ്ങളിലും നിരന്തരമായി ഉന്നയിക്കുന്ന വിഷയമാണിത്. പാവപ്പെട്ട പ്രവാസികൾക്ക് സീസണിൽ കുടുംബത്തോടൊപ്പം നാട്ടിൽ വരാൻ സാധിക്കാത്ത അവസ്ഥയാണ്. വലിയ ചാർജ്ജാണ് വിമാനക്കൂലിയായി ഈടാക്കുന്നത്. ഇക്കാര്യത്തിൽ വിമാനക്കമ്പനികൾ എല്ലാവരും കൂടിച്ചേർന്ന് മത്സരിക്കുകയാണ്. നമുക്ക് ഒരു പകരം സംവിധാനം വേണം.

*01-07-2026*
*Question Hour*

പക്ഷെ, അത് ഏത് വിധത്തിലാണെന്ന് സർക്കാർ ആലോചിച്ചിട്ടില്ല. സ്വന്തമായി എയർലൈൻ തുടങ്ങുന്നതിനെക്കുറിച്ച് ഈ സർക്കാർ ആലോചിച്ചിട്ടില്ല. മാത്രമല്ല, ഇന്റർനാഷണൽ എയർലൈൻസ് ബിസിനസ് ശ്രദ്ധിച്ചാൽ നിരവധി സ്ഥാപനങ്ങൾ അടച്ചുപൂട്ടിപോകുകയാണെന്ന് മനസ്സിലാകും. സാമ്പത്തിക ബുദ്ധിമുട്ടുകളുള്ള സമയത്ത് എയർലൈൻസ് തുടങ്ങി ഒരു അവതാളത്തിലേയ്ക്ക് പോകേണ്ട ആവശ്യമില്ല. പക്ഷെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ഗൗരവമുള്ളതാണ്. നമുക്ക് അൾട്ടർനേറ്റീവ് ആയി ആ സീസണിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കാം. പാവപ്പെട്ട മനുഷ്യരെ നാട്ടിലേയ്ക്ക് കൊണ്ടുവരാനുള്ള ചാർട്ടേർഡ് ഫ്ലൈറ്റ് എർപ്പെടുത്താൻ സാധിക്കുമോ എന്നുള്ള സാധ്യത ആരായാം. പാവപ്പെട്ട മനുഷ്യർ വിദേശത്ത് അധ്വാനിക്കുന്നതിന്റെ 50 ശതമാനം ഫ്ലൈറ്റ് ചാർജ്ജായി നൽകേണ്ടിവരുന്നത് അവരോട് ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്താം.

* * *